കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാട്യം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/1822/ 2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 17.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

പാട്യം ഗ്രാമ പഞ്ചായത്ത്.

സർ.

വിഷയം : പാട്യം ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

--------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/1822/2018. തീയ്യതി: 17.12.2018

# കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പാട്യം ഗ്രാമ പഞ്ചായത്ത് 20-7 -2017 മുതൽ 23-9-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണംപിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ബി. സന്തോഷ്,<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 24-9-.2018മുതൽ<br>4-10-2018 വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ .രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഉഷ-എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്രീജ-കെ | ഓഡിറ്റർ |

1-നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | | |
|---|---|---|
| പ്രസിഡണ്ട് | വി -ബാലൻ മാസ്റ്റർ | 01-04-2017 മുതൽ |

| | | |
|---|---|---|
| | | 31-03-2018വരെ |

| | | |
|---|---|---|
| സെക്രട്ടറി | പ്രദീപ് കെ | 01-04-2017 മുതൽ 12-06-2017വരെ |
| | ഉഷ എൻ (ഇൻചാർജ്) | 13-06-2017 മുതൽ 26-06-2017വരെ |
| | | 27-10-2017 മുതൽ 2-11-2017വരെ |
| | | 07-01-2018 മുതൽ 18-01-2018വരെ |
| | ധനീഷ് പി എം | 27-06-2017 മുതൽ 26-10-2017വരെ |
| | ബാബുരാജൻ വലിയപുരയിൽ | 03-11-2017 മുതൽ 06-01-2018 വരെ |
| | തോമസ് ടി ഡി | 19-01-2018 മുതൽ 31-03-2018 വരെ |

2- മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ-പ്രമോദ് എസ് | 01-04-2017 മുതൽ 06-07-2017 വരെ |
| | ശ്രീമതി സീമ സഹദേവൻ | 07-07-2017 മുതൽ 06-11-2017വരെ |
| | ശ്രീമതി-നിനു രവീന്ദ്രനാഥ് | 07-11-2017 മുതൽ 31-03-2018 വരെ |
| ഹെഡ്മാസ്ററർ ട്രൈബൽ യു പി | ശ്രീ.രാജൻ.ടി.പി | 01-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| | | |
| വി ഇ ഒ (പാട്യം) | ശ്രീ. സന്തോഷ് മമ്മാലി | 01-04-2017 മുതൽ 31-03-2018 വരെ |
| വി ഇ ഒ (ചെറുവാഞ്ചേരി) | ശ്രീമതി.രേഷ്മ രവീന്ദ്രൻ | 01-04-2017 മുതൽ 05-10-2017വരെ |
| | ശ്രീമതി.സല്മ എ കെ | 06-10-2017 മുതൽ 31-03-2018വരെ |
| വെറ്റിനറി സർജൻ | ഡോ. ഗനോൻകർസാഗർ ഗജാനൻ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽഓഫീസർ ആയുർവേദം | ഡോ. ഡിജോ ജോസ് എം | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. ഷിജിൽ ജോസഫ് | 01-04-2017 മുതൽ 31-03-2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഉഷ .എൻ | 01-04-2017 മുതൽ 31-03-2018വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.പ്രണാം കെ .ടി | 01-04-2017 മുതൽ 03-10-2017വരെ |
| | ശ്രീ. ദിലീഷ്. കെ | 04-10-2017 മുതൽ 18-10-2017വരെ |
| | ശ്രീ.ഗിരീഷ് .എ | 19-10-2017 മുതൽ |

| | | |
|---|---|---|
| | | 31-03-2018വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ആശാലത.പി .വി | 01-04-2017 മുതൽ 07-09-2017വരെ |
| | ശ്രീമതി.രമാഭായ് .എ കെ | 08-09-2017മുതൽ 09-10-2017വരെ |
| | | 23-12-2017 മുതൽ 31-03-2018 വരെ |
| | ശ്രീമതി.പ്രസന്ന | 10-10-2017 മുതൽ 26-11-2017 വരെ |
| | ശ്രീമതി.സ്മിത .വി | 27-11-2017 മുതൽ 22-12-2017 വരെ |

ഉള്ളടക്കം

ഭാഗം 1

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-12 |
| 13 | പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ | 1-13 |


ഭാഗം-II

വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ


| | | |
|---|---|---|
| 1 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിക്കേണ്ടതാണ് | 2-1 |
| 2 | മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 2-2 |
| 3 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 2-3 |
| 4 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം | 2-4 |
| 5 | ഇ ടെണ്ടർ -ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-5 |


ഭാഗം-III

ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | നാടൻ വാഴക്കന്ന് വിതരണം - വിതരണം ചെയ്ത കന്നുകളുടെ കൃത്യമായ വിവരം ലഭ്യമാക്കിയില്ല-₹7891 ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |

| | | |
|---|---|---|
| 2 | കുറ്റിക്കുരുമുളക് കൃഷി വ്യാപനം -തൈ വിതരണത്തിലെ അപാകം - ₹13600 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-2 |
| 3 | ഇടവിള കൃഷി വ്യാപനം (വനിത ) - പുരുഷന്മാരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-3 |
| 4 | അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്താതെ മുഴുവൻ തുകയും നൽകി 6684 രൂപ നിരാകരിക്കുന്നു | 3-4 |
| 5 | കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്ത പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കിയില്ല. | 3-5 |
| 6 | ഒഴിഞ്ഞ ബാരലിന്റെ വില , ജി.എസ്.ടി ഒടുക്കുന്നത് സംബന്ധിച്ച് | 3-6 |
| 7 | പഞ്ചായത്ത് ഓഫീസ് സോളാർ വൈദ്യുതീകരണം --സോളാർ പവ്വർ പ്ലാന്റ് കമ്മിഷൻ ചെയ്തിട്ടില്ല. | 3-7 |
| 8 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരം ഹാജരാക്കിയില്ല. | 3-8 |
| 9 | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -എ.എം.സി നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-9 |
| 10 | കിണർ നിർമ്മാണം പട്ടിക വർഗ്ഗം -പദ്ധതി നടത്തിപ്പിലെ അപാകം -അധികം നൽകിയ ₹12584/- ഈടാക്കേണ്ടതാണ് | 3-10 |
| 11 | കുടുംബശ്രീ അടിസ്ഥാന സൗകര്യ വികസനം -'ടെണ്ടർ നടപടി ക്രമത്തിലെ അപാകങ്ങൾ | 3-11 |
| 12 | എസ് . സി. വിദ്യാർത്ഥികൾക്ക് പഠനമുറി - സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചില്ല. | 3-12 |
| 13 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ - മാർഗ്ഗ രേഖ വ്യവസ്ഥ പാലിക്കാതെ നടത്തിയത് – ₹ 81000 രൂപ തടസ്സപ്പെടുത്തുന്നു | 3-13 |
| 14 | ലഭ്യമാക്കേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ ടെൻഡർ | 3-14 |

| | | |
|---|---|---|
| | പരസ്യത്തിൽ നൽകുന്നില്ല | |
| 15 | യോഗ പരിശീലനം- ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കാത്തതും, മറ്റ് അപാകങ്ങളും ₹2,40,000 തടസ്സപ്പെടുത്തുന്നു. | 3-15 |
| 16 | തുക മുൻകൂർ നൽകി നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല | 3-16 |
| 17 | തുടർ സാക്ഷരത - രേഖകൾ ഹാജരാക്കിയില്ല- ₹29600 തടസ്സപ്പെടുത്തുന്നു. | 3-17 |
| 18 | വിദ്യാർത്ഥിനികൾക്ക് ആയോധന കലാ പരിശീലനം -മാനദണ്ഡം നിശ്ചയിക്കാതെ ചെലവ് ചെയ്ത 48000 രൂപ തടസ്സപ്പെടുത്തുന്നു. | 3-18 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

7.03.2017തീയതിയിലെ 25 /17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല

| | |
|---|---|
| മുന്നിരിപ്പ് | 1,41,89,274 |
| വരവ് | 13,91,04,500 |
| ആകെ | 15,32,93,774 |
| ചെലവ് | 15,02,21,706 |
| നീക്കിയിരിപ്പ് | 30,72,068 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2018 | 7-5-2018 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-6-2018 ,14-6-2018 | KSA/KNR /C8/1153/2018 തീയതി 21-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,28,12,077 |
| വരവ് | 5,71,75,742 |
| ആകെ | 7,99,87,819 |
| ചെലവ് | 5,82,47,033 |
| നീക്കിയിരിപ്പ് | 2,17,40,786 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (ലാപ്സായത്) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 1,41,10,000 | 1,41,10,000 | 1,15,41,223 | 2,56,87,779 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 6,81,584 | 681,584 | 4,70,760 | 2,10,824 |
| വികസനഫണ്ട്-ടി.സി.പി (ACR പ്രകാരം) | | 36,93,499 | 36,93,499 | 33,99,396 | 2,94,103 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 56,55,000 | 56,55,000 | 55,33,719 | 1,21,281 |
| മെയിന്റനൻസ്, നോൺ- | | 34,29,000 | 34,29,000 | 30,92,210 | 3,36,790 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 1,15,97,721 | 1,15,97,721 | 89,23,845 | 26,73,876 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 19,03,770 | 19,03,770 | 19,03,770 | 0 |
| സാക്ഷരത | | 1,06,964 | 3,984 | 1,10,948 | 0 | 1,10,948 |
| ദുരിതാശ്വാസനിധി | | 43,807 | 10,813 | 54,620 | 12,000 | 42,620 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | അഡ്മിനി സ്ട്രേറ്റീവ് ചെലവ് (*) | 9,266 | 4,13,734 | 4,23,000 | 4,21,895 | 1,105 |
| | തൊഴിലാളി കളുടെ കൂലി | | 83,91,655 | 83,91,655 | 83,91,655 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ സി ഡി എസ് | | 5,17,334 | 9,26,145 | 14,43,479 | 3,38,023 | 11,05,456 |
| എം പി ഫണ്ട് | | 32,535 | 1,464 | 33,999 | 0 | 33,999 |
| എസ് എസ് എ | | 1,62,000 | 0 | 1,62,000 | 0 | 1,62 ,000 |
| ബി ഫണ്ട് | | | 5,51,14,400 | 5,51,14,400 | 5,51,14,400 | |
| സംസ്ഥാന സർക്കാർ ഗ്രാന്റ് | | 1720,024 | 1536061 | 32,56,085 | 4,33,443 | 28,22,642 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 1,33,952 | 6,86,845 | 8,20,797 | 6,86,845 | 1,33,952 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 75,000 | 299475 | 374475 | 299455 | 75,020 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 1,05,47,000 | | | |
| തനത് ഫണ്ട് (**) | ബാങ്ക് അക്കൗണ്ട് | 68,21,387 | 62,75,839 | 1,30,97,226 | 57,03,336 | 73,93,890 |
| | ട്രഷറി അക്കൗണ്ട് | 1,56,97,706 | 1,05,47,000 | 2,62,44,706 | 1,25,32,918 | 1,37,11,788 |
| ഗുണഭോക്തൃ വിഹിതം | | 3,136 | 6,45,791 | 6,48,927 | 4,69,780 | 1,79,147 |

* എം.ജി.എൻ.ആർ.ഇ.ജി.എസ്. – ഭരണ ചെലവിൽ പലിശ ഒഴികെയുള്ള തുകയാണ് വരവായെടുത്തിരിക്കുന്നത്.
** ജനറൽ പർപ്പസ് ഗ്രാന്റിന് മാത്രമായി വരവ് ചെലവ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് , നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല

വാർഷീക ധനകാര്യ പത്രികയിലെ മുന്നിരിപ്പും , നീക്കിയിരിപ്പും ആണ് ഉൾപ്പെടുത്തിയത്-തനത് ഫണ്ടിൽ ബാങ്ക് അക്കൗണ്ടിലെ വരവായെടുത്തിരിക്കുന്നത് റസീറ്റ് & പെയ്മെന്റ് പത്രികയിലെ തനത് വരവാണ്

ഫണ്ട് ചെലവഴിച്ചതിന്റേയും ലാപ്സായതിന്റേയും വിവരം

| ഫണ്ടിനം | വരവ് | ചെലവ് | ചെലവ് ശതമാനം | ലാപ്സായ തുക | ലാപ്സായ തുക (ശതമാനം) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 14110000 | 11541223 | 81-79 | 25,68,777 | 18-21 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 681584 | 470760 | 69-06 | 210824 | 30-94 |
| വികസന ഫണ്ട്- | 3693499 | 33,99,396 | 92-03 | 294103 | 7-97 |

| | | | | | |
|---|---|---|---|---|---|
| ടി.സി.പി (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 5655000 | 55,33,719 | 97-85 | 121281 | 2-15 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 3429000 | 30,92,210 | 90-17 | 336790 | 9-83 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 11597721 | 89,23,845 | 76-94 | 2673876 | 23-06 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 1903770 | 19,03,770 | 100 | 0 | 0 |

ഫണ്ട് ചെലവഴിച്ചതിന്റേയും നീക്കിയിരിപ്പിന്റേയും വിവരം

കേന്ദ്ര സർക്കാർ വിഹിതത്തി ൽ ₹ 13-74 ലക്ഷവും ,സംസ്ഥാന സർക്കാർ ഗ്രാന്റിനത്തിൽ ₹ 28-22 ലക്ഷവും നീക്കിയിരിപ്പുണ്ട് -

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 6,38,88,908 | 133 | 4,58,28,872 | 15 | 24 | 71.73 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 8652473 | 19 | 6938458 | 19 | 80.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 7129476 | 15 | 3688990 | 13 | 51.74 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 28412348 | 63 | 19507893 | 44 | 68.66 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3271746 | 12 | 1782536 | 9 | 54.48 |
| വെറ്ററിനറി സർജ്ജൻ | 3107000 | 7 | 2098570 | 7 | 67.54 |
| മെഡിക്കൽ ഓഫീസർ -പി എച്ച് സി | 1670000 | 7 | 1534461 | 7 | 91.88 |
| മെഡിക്കൽ ഓഫീസർ- ആയ്യുർവേദ | 1126525 | 4 | 1116525 | 4 | 99.11 |
| ഐസി ഡി എസ് സൂപ്പർവൈസർ | 4706675 | 5 | 4301689 | 5 | 51.74 |
| അസിസ്റ്റന്റ് സെക്രട്ടറി | 2304320 | 9 | 1568327 | 9 | 68.06 |
| ഹെഡ്മാസ്റ്റർ | 3508345 | 16 | 3291423 | 16 | 93. 81 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9266 | 4,13,734 | 4,23,000 | 4,21,895 | 1105 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 83,91,655 | 83,91,655 | 83,91,655 | nil |
| | 9,266 | 88,05,389 | 88,14,655 | 88,13,550 | 1,105 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2400 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 4766200 | 398 |
| വിധവാപെൻഷൻ | 15233000 | 1282 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 26977200 | 2083 |
| വികലാംഗപെൻഷൻ | 4624500 | 403 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3149100 | 267 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-9-2018ന് 2-35 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 510 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതു ചുമതലകളുടെ നടത്തിപ്പിനൊപ്പം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നിർവ്വഹിക്കേണ്ടത് തദ്ദേശ സ്വയംഭരണസ്ഥാപന ഓഫീസിന്റെ ചുമതലയാണ്. ഓഫീസിലെ മുഴുവൻ ജീവനക്കാർക്കും ഇതിന്റെ ഉത്തരവാദിത്വമുണ്ട്.

2017-18 – ൽ ആകെ 7 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്-വസ്തു നികുതി പിരിവ്, -കുടിശ്ശികവസ്തു നികുതി ,ലൈസൻസ് ,പെർമിറ്റ് എന്നിവ ഈടാക്കുന്നതിനായി സെക്ഷൻ ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകുന്നതിനുള്ള യോഗങ്ങളാണ് ചേർന്നിട്ടുള്ളത് - ഓഫീസ് പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള അവലോകനം നടത്തുന്നതിനായി പ്രതിമാസ യോഗം കൂടേണ്ടതാണ് - ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻകംബെൻസി മാസ്റ്റർ രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്-.

ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി എഴുതിയിട്ടില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ,വസ്തുനികുതി ഡിമാന്റ് , തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ , എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് , വ്യാപാരികളുടെ പട്ടിക അപൂർണ്ണമാണ്

ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും, ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.സെക്ഷനുകളിൽ സ്വീകരിച്ച ഫയലുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.തൻപതിവേട് രജിസ്റ്റർ മേലുദ്യോഗസ്ഥന് സമർപ്പിക്കുകയോ മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല.ആയതിനാൽ എത്ര ഫയൽ ലഭിച്ചെന്നോ എത്ര ഫയൽ തീർപ്പാക്കിയെന്നോ നിർണയിക്കാൻ കഴിയില്ല. റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല.

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടചുമതലകൾ നിർവ്വഹിക്കുകയും ചെയ്താലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-8-2018 | 1-7-2018 മുതൽ 31-7-2018 വരെ | 29-8-208 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-8-2009 | 2005-06 | 6-10-2009 |

## 1-12 വാർഷീക കണക്കിലെ അപാകം

2017-18 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1- വർഷികധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2- ഡി ആന്റ് ഒ ലൈസൻസ് ഫീ 2017-18 I-4(b) ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ ഡിമാന്റ് 1,75,750/- രൂപയാണ്. RP – 43 ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ കലക്ഷൻ 150100/- രൂപയാണ്. 2016-17 വാർഷിക കണക്കിലെ B-9 ഷെഡ്യൂൾ പ്രകാരം ഈയിനത്തിലെ അഡ്വാൻസ് കലക്ഷൻ 30209/- രൂപയാണ്. 2017-18 വർഷത്തേക്ക് അഡ്വാൻസ് ആയി കലക്ട് ചെയ്ത 25650/- രൂപ ( 175750-150100) കഴിഞ്ഞ് ബാക്കിയുള്ള 4559/- രൂപ ഏത് വർഷത്തേക്ക് ഉള്ള അഡ്വാൻസ് തുകയാണ് എന്നത് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല.

3-പഞ്ചായത്ത് നല്കിയതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലവധി കഴിഞ്ഞ ചെക്കുകൾ Liabilities in respect of stale cheque എന്ന ശീർഷകത്തിൽ മാറ്റിയിട്ടില്ല.

4- മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5- രജിസ്റ്ററിലെ ജില്ലാപഞ്ചായത്ത് വിഹിതം വരവും നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-13 ആസൂത്രണ സമിതി

പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കൽ, പഞ്ചായത്ത് ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ സർക്കാർ ഉത്തരവ് എം എസ് നം 72/2017 തസ്വ ഭ വ തീയതി 29/3/2017 & സർക്കാർ ഉത്തരവ് എം എസ് നം 10/2017 തസ്വ ഭ വ തീയതി 9/1/2017 പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ഇതിൽ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതി ,വർക്കിംഗ് ഗ്രൂപ്പ് എന്നിവ 16/1/2017 ന് രൂപീകരിച്ചിട്ടുണ്ട് (പഞ്ചായത്ത് ഭരണ സമിതി തീരുമാനം 3/2017 തീയതി -16-1-2017)

ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് .ജനറൽ മിനുട്ടസിലാണ് ആസൂത്രണ സമിതി യോഗം ചേർന്നത് എഴുതിയിരിക്കുന്നത്. ഈ രജിസ്റ്റർ പ്രകാരം 6-5-2017,5-6-2017 എന്നീ തീയതികളിലായി 2 യോഗം ചേർന്നിട്ടുണ്ട്. 6-5-2017 ൽ കൂടിയ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമ സഭ തീരുമാനങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ അന്തിമ പദ്ധതികൾ ചർച്ച ചെയ്യുകയും,ആയത് അംഗീകരിക്കുന്നതിന് വേണ്ടി ഭരണസമിതിയ്ക്ക് ശുപാർശ ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്- 5-6-2017 ൽ കൂടിയ യോഗത്തിൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി വിളിച്ച ചേർക്കാനും, സ്റ്റാൻഡിംഗ് കമ്മിറ്റി അടിസ്ഥാനത്തിൽ പദ്ധതികൾ വിഭജിച്ച നൽകാനും തീരുമാനിച്ചിട്ടുണ്ട്-

വർക്കിംഗ് ഗ്രൂപ്പ് -

മാർഗ്ഗരേഖയുടെ നിർദ്ദേശങ്ങൾക്കനുസരണമായി ഗ്രാമ പഞ്ചായത്തിൽ താഴെപറയുന്ന മേഖലകളിൽ ഭരണസമിതിയുടെ 16-01-2017 ലെ 3/17 നമ്പർ തീരുമാന പ്രകാരം പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് ഉൾപ്പെടെ 13 വർക്കിംഗ് ഗ്രൂപ്പകൾ രൂപീകരിച്ചിട്ടുണ്ട്.

ഭരണസമിതിയുടെ 19-12 2017 ലെ 93/17 നമ്പർ തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പകൾ പുന:സംഘടിപ്പിച്ചിട്ടുമുണ്ട്

പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക, സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകൾ, ഗ്രാമസഭയോഗങ്ങൾ, വികസന സെമിനാർ എന്നിവിടങ്ങളിലെ ചർച്ചയ്ക്ക് നേതൃത്വംവഹിക്കുക, ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾകുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന അവസ്ഥാവിശകലനം നടത്തുക, അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിൻെ കാര്യത്തിൽ ഉണ്ടായിട്ടുള്ള അസന്തുലിതാവസ്ഥ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ അതിന് സീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാ രേഖ ( status report) യഥാസമയം തയ്യാറാക്കി സമർപ്പിക്കുക., പദ്ധതി അംഗീകരിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പകൾ മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക. തുടങ്ങിയ പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പകൾക്ക് നിർവ്വഹിക്കാനുണ്ട്.

വർക്കിംഗ് ഗ്രൂപ്പകളുടെ പ്രവർത്തന രേഖയായ വിവിധ വിഷയ മേഖലകളുടെ മിനട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പകളുടെ ചുമതലകളിൽപ്പെട്ട ഉത്തരവാദിത്വങ്ങൾ എത്രത്തോളം

നിർവ്വഹിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പുകളും വിവിധ തീയതികളിലായി യോഗം ചേർന്നതായി കാണിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി : പഞ്ചായത്ത് ഭരണ സമിതിയുടെ 11-7-2017 ലെ തീരുമാന നമ്പർ 7/17 പ്രകാരം മോണിറ്ററിംഗ് കമ്മിറ്റിരൂപീകരിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് നടത്തിയത് സംബന്ധിച്ച വിവരങ്ങളൊന്നും മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

ഗ്രാമ സഭ -പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾളുടെ പ്രധാന ഘടകമായ ഗ്രാമ സഭകൾ 1 8വാർഡിലും 5 (4/17,6/17, 10/17,11/17, 1/18) തൻ വർഷം യോഗങ്ങൾ കൂടിയിട്ടുണ്ട് 12-4 -17 ലാണ് ആസൂത്രണ ഗ്രാമ സഭ കൂടിയത് - ഈ ഗ്രാമസഭയിൽ വിവിധ വർക്കിംഗ് ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചയും പദ്ധതി നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്- ഗ്രാമ സഭകളിൽ താരതമ്യേന ജനപ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്-

വികസന സെമിനാർ -

29/4/2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് - ഇതിൽ 153 പേർ പങ്കെടുത്തിട്ടുണ്ട്-

വാർഷീക പദ്ധതി അംഗീകാരം - 2017-18 വർഷത്തെ പദ്ധതികൾ 31/3/2017ന് മുൻപ് അംഗീകാരം നേടി 1/4/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 27-4-2017 നാണ് (പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 46(1 ) /17- )

പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച പദ്ധതികൾ , ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി 6-5-17 ന് (ഭരണ സമിതി തീരുമാനം 51(17)) അയച്ചിട്ടുണ്ട്

ജില്ലാ ആസൂത്രണ സമിതിയുടെ 82/2017 /DPC/DPO/KNR/തീയതി 26-3-2018 പ്രകാരം അന്തിമ അംഗീകാരവും ലഭിച്ചിട്ടുണ്ട്-

| | |
|---|---|
| ആകെ പ്രോജക്റ്റുകൾ | 157 |
| പുതിയ പ്രോജക്റ്റുകൾ | 120 |
| സ്പിൽ ഓവർ പ്രോജക്റ്റുകൾ | 37 |
| ആകെ അടങ്കൽ | 6,38,88,908 |
| ആകെ ചെലവ് | 4,58,28,872 |

| പ്രോജക്റ്റുകളുടെ വിവരങ്ങൾ<br>(മേഖല തിരിച്ച്) | ആകെ |
|---|---|
| ഉൽപ്പാദനം | 45,59,803 |

| | |
|---|---|
| സേവനം | 2,29,36,293 |
| പശ്ചാത്തലം | 1,83,32,776 |
| ആകെ | 4,58,28,872 |

| വികസനഫണ്ടിലെ നിർബന്ധിത വകയിരുത്തലിന്റെ വിവരങ്ങൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|
| ഉത്പാദന മേഖല | 4470570 | 3185639 | 71.25 |
| മാലിന്യ സംസ്കരണം | 1985000 | 132487 | 6.67 |
| വനിതാ ഘടക പദ്ധതി | 2101182 | 984118 | 46.83 |
| കുട്ടികൾ, ഭിന്നശേഷിക്കാർ | 1565850 | 1538848 | 98.27 |
| വൃദ്ധർ | 505000 | 3,96,000 | 78.41 |
| പശ്ചാത്തല മേഖല | 12510207 | 10539050 | 84.24 |

കെ.എൽ.എസ്.ജി.ഡി.പി ഫണ്ട് മാത്രമാണ് 100 % നിർവ്വഹണം നടത്തിയിട്ടുണ്ട്

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 ൽ പരാമർശിച്ച പ്രകാരമുള്ള നൂതന പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല.

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടാത്ത പദ്ധതികൾ

സർക്കാർ ഉത്തരവ് എം എസ് നം 72/2017 തസ്വ ഭ വ തീയതി 29/3/2017 ഖ-13-3 ൽ

വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ടുകളെ കുറിച്ച് നിർദ്ദേശിച്ചുണ്ട് -എന്നാൽ ഇതിനു വിരുദ്ധമായി തൻ വർഷം താഴെ പറയുന്ന പദ്ധതികൾ ഈ മേഖലയിൽ ഉൾപ്പെടുത്തി ചെയ്തിരിക്കുന്നു

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ- | ചെലവ് |
|---|---|---|---|
| 1 | എല്ലാവീടുകളിലുംഅടുക്കളത്തോട്ടം<br>(ടി എസ് പി) | 25,000 | 3250 |

| | | | |
|---|---|---|---|
| 2 | തരിശുഭൂമിയിൽ പച്ചക്കറികൃഷി -(ജനറൽ) | 232696 | ഇല്ല |
| 3 | ഇടവിളകൃഷി വ്യാപനം (വനിത) | 100000 | 100000 |
| 4 | എല്ലാവീടുകളിലുംഅടുക്കളത്തോട്ടം (ജനറൽ) | 2,50,000 | 43,000 |
| 5 | പശു വിതരണം (ജനറൽ) | 7,20,000 | 5,20,000 |

മോണിറ്ററിംഗ്

സ.ഉ(എം.എസ്) നം.72/2017 തസ്വഭവ തീയതി 29-03-2017 ഉത്തരവ് ഖണ്ഡിക 14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് എന്നും അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്. (പഞ്ചായത്ത് ഭരണ സമിതിയുടെ 11-7-2017 ലെ തീരുമാന നമ്പർ 7/17 പ്രകാരം മോണിറ്ററിംഗ് കമ്മിറ്റിരൂപീകരിച്ചിട്ടുണ്ട്)എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ട് മോണിറ്ററിംഗ് സംബന്ധിച്ച വിവരങ്ങൾ ചർച്ച ചെയ്തതായി കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മറ്റികളിൽ ഇത്തരത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ചർച്ചയ്ക്ക് വരികയോ ഭരണസമിതിക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല.

സ്റ്റാന്റിംഗ് കമ്മിറ്റി

സ്റ്റാൻറ്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, നികുതികൾ, ബജറ്റ്, പൊതുഭരണം, നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. 2017-18 കാലയളവിൽ 22തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. 2017-18 ലെ ബജറ്റ് അംഗീകരിക്കൽ വിവിധ വരവ് ചെലവുകൾ അംഗീകരിക്കൽപോലുള്ള പൊതുവായ നടപടികൾ നികുതി,നികുതിയേതര വരവുകളുടെ അവലോകനം എന്നിവ യോഗത്തിൽ നടത്തിയിട്ടുണ്ട്. 4-11-2017 ന്റെ യോഗത്തിൽ ഓഫീസ് പ്രവർത്തന അവലോകനം നടത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിക്കേണ്ടതാണ്

2017-18കാലയളവിലെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കായി ഡി & ഒ ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങളിലെ ക്രമ നമ്പർ 1 നികുതി ഒഴിവാക്കിയും ക്രമ നമ്പർ 2 പാർപ്പിടാവശ്യത്തിനെന്ന തരത്തിലുമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | സംരംഭം | കെട്ടിട ഉടമസ്ഥന്റെ പേര് |
|---|---|---|---|---|
| 1 | 11/151 | കെ പി വിനോദൻ | ബേക്കറി | പുതുശ്ശേരി മോഹനൻ |
| 2 | 2/157 | ടി സതീശൻ | ആക്രി കച്ചവടം | ടി സതീശൻ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1,2 എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ചെയ്തപ്പോൾ തെറ്റായ രീതിയിൽ രേഖപ്പെടുത്തിയതുകൊണ്ടാണ് അപാകം ഉണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി പുനർനിർണ്ണയം നടത്തേണ്ടതും ഇപ്രകാരം ലൈസൻസ് നൽകിയ കെട്ടിടം തന്നെയാണ് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-2 മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2017-18 കാലയളവിൽ ഡി & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഷിബു ലാൽ | 13/192,193 | ഷാർപ് എഞ്ചിനീയറിംഗ് വർക്ക് | 2 |

| | | | | |
|---|---|---|---|---|
| 2 | മേപ്പാടൻ ജിനീഷ് | 9/386 | എഞ്ചിനീയറിംഗ് വർക്ക് | 3 |
| 3 | കാഞ്ചന കെ | 13/365 | എടച്ചോളി ലൈറ്റ് & സൗണ്ട് | 2 |
| 4 | ഫെബീഷ് പി | 3/293(A) | നക്ഷത്ര വെൽഡിംഗ് ഷോപ്പ് | 3 |
| 5 | മഹമ്മൂദ് എൻ | 2/172 | ഷാർജ ഫാസ്റ്റ് ഫുഡ് & കൂൾബാർ | 3 |
| 6 | സെക്രട്ടറി | 8/185 | ശില്പ പ്രിന്റേഴ്സ് | 3 |
| 7 | ചന്ദ്രൻ എം | 8/650 | പ്രിയ വെൽഡിംഗ് ഇന്റസ്ട്രിയൽ | 2 |
| 8 | ബിന്ദു മാക്കുറ്റി | 2/359 | അക്ഷയ ഹോട്ടൽ | 4 |
| 9 | മനോജ് മാക്കുറ്റി | 2/196 | തിരുവാതിര ഹോട്ടൽ | 4 |
| 10 | ലക്ഷ്മി സി | 17/117 | ഐശ്വര്യ കുടുംബശ്രീ ഹോട്ടൽ | 2 |
| 11 | സാബിറ പി | 11/113F | ബ്രദേഴ്സ് ഹാർഡ് വെയർ | 2 |
| 12 | രഞ്ചിത്ത് നാരായണൻ | 2/154(b) | കാർവാലറ്റ് ,കാർ വാഷിംഗ് | 3 |
| 13 | രാജീവൻ ഇത്തിയുള്ളതിൽ | 13/314 | സൂര്യ ഫർണിച്ചർ | 2 |
| 14 | വിനോദൻ എൻ കെ | 14/421 | ബിനോയ് പപ്പടം | 4 |
| 15 | രവീന്ദ്രൻ എൻ കെ | 14/422 | ഐശ്വര്യ പപ്പടം | 4 |
| 16 | വിജിന സി | 2/59(B) | യാദവ് റോളിംഗ് ഷട്ടർ | 4 |

1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ

പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേ ണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ തൊഴിലുടമകൾക്കും ഇപ്രകാരം നോട്ടീസ് നൽകേണ്ടതും ജീവക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തൊഴിൽ നികുതി മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

## 2-3 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല എന്നും ചട്ടം 5(1)പ്രകാരം രജിസറ്റർ ചെയ്ത സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിനുമുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2017-18 കാലയളവിൽ 2 മെഡിക്കൽ ലാബ് മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ക്ലിനിക്കുകൾ രജിസ്ട്രേഷനില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഉദാഹരണമായി കെന്റ് ഹോമിയോ ക്ലിനിക്ക്എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ നടത്തിയിട്ടില്ല.കൃത്യമായ ഫീൽഡ്തല പരിശോധന നടത്തി മുഴുവൻ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ മേൽ കാലയളവിൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചിരുന്ന മുഴുവൻ സ്ഥാപനങ്ങൾക്കുമെതിരെ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പിഴശിക്ഷ നടപ്പാക്കാവുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്)വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും വിവരങ്ങൾ ചേർത്തിട്ടില്ല എന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ്, ഡി&ഒ ലൈസൻസ് രജിസ്റ്റർ എന്നിവ ഒത്തുനോക്കിയതിൽ കാണുന്നു. ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 508 സ്ഥാപനങ്ങനളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റിൽ 503 സ്ഥാപനങ്ങനളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ ആവശ്യമായ ഫീൽഡ് പരിശോധന നടത്താതെയാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്.ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമായതിനാൽ ഡി& ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച

സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 2-5 ഇ ടെണ്ടർ -ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

2017-18 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ് പൂർത്തിയാക്കിയത്. ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫീയിനത്തിൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കേണ്ട ₹ 32470 ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നാടൻ വാഴക്കന്ന് വിതരണം - വിതരണം ചെയ്ത കന്നുകളുടെ കൃത്യമായ വിവരം ലഭ്യമാക്കിയില്ല-₹82200 തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 21/18 - നാടൻ വാഴക്കന്ന് വിതരണം

അടങ്കൽ : ₹90000 (വികസന ഫണ്ട് )

ചെലവ് : ₹82200

ബിൽ നമ്പർ : PTM/02/17-18 dtd 09-02-2018

കൃഷി ഭൂമിയുടെ ആനുപാതികമായി ഒരാൾക്ക് പരമാവധി ₹3500 നാടൻ വാഴക്കന്ന് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിലേക്കായി ഉർവര നഴ്സറിയിൽ നിന്നും ടെണ്ടർ പ്രകാരം 6000 വാഴക്കന്നുകൾ (ഇൻവോയ്സ് നമ്പർ 376/01-02-2018) വാങ്ങിയിട്ടുണ്ട്. പ്രോജക്ടിനായി 913 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും വിതരണ രജിസ്റ്റർ പ്രകാരം 904 പേർക്ക് തൈകൾ വിതരണം ചെയ്തിട്ടുമുണ്ട്. എത്ര ഗുണഭോക്താക്കൾക്കാണ് പ്രോജക്ട് തയ്യാറാക്കിയത് എന്ന വിവരം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. 904 ഗുണഭോക്താക്കൾക്ക് കൃഷി ഭൂമിയുടെ ആനുപാതികമായി എത്രവീതമാണ് തൈകൾ നൽകിയത് എന്ന് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ പരിഗണിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ .13 തീയതി 27-09-2018) മറുപടിയിൽ ഗ്രാമസഭ അംഗീകരിച്ച 913 കർഷകർക്ക് കുറഞ്ഞത് 6 വീതം തൈകൾ ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത് എന്നും 904 ഗുണഭോക്താക്കളാണ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത് എന്നുമാണ് വിശദീകരിച്ചത്. എന്നാൽ വാഴക്കന്നുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള വിതരണ സ്റ്റേറ്റ്മെന്റിൽ ഓരോ ഗുണഭോക്താവിനും എത്രവീതമാണ്

നൽകിയത് എന്ന് കാണിച്ചിട്ടില്ല. ആയതിനാൽ 6000 വാഴക്കന്നുകൾ വാങ്ങിയിട്ടുള്ളതിൽ കുറഞ്ഞത് 6 വീതം തൈകൾ ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിതരണത്തിന്റെ കൃത്യമായ കണക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹82200/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

6000 വാഴക്കന്നുകൾ ഓരോ ഗുണഭോക്താക്കൾക്കും എത്ര വീതം നൽകി എന്ന കൃത്യമായ കണക്ക് സൂക്ഷിക്കാൻ നിർവഹണോദ്യോഗസ്ഥക്ക് സാധിച്ചിട്ടില്ല എന്നത് പദ്ധതി നിർവഹണത്തിലെ വീഴ്ചയായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. കൂടാതെ 100% സബ്സിഡിയോടെ നൽകുന്ന തൈകളും വിത്തുകളും യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിച്ചത് എന്ന് ഉറപ്പുവരുത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കുന്നില്ല. പദ്ധതിയുടെ കൃത്യമായ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളിൽ നടക്കുന്നില്ല എന്നതിന്റെ തെളിവാണിത്. പദ്ധതി നടത്തിപ്പിലെ ഇത്തരം വീഴ്ചകൾ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 കുറ്റിക്കുരുമുളക് കൃഷി വ്യാപനം -തൈ വിതരണത്തിലെ അപാകം - ₹13600 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 23/18 - കുറ്റിക്കുരുമുളക് കൃഷി വ്യാപനം

അടങ്കൽ : ₹99720 (വികസന ഫണ്ട് )

ചെലവ് : ₹99700

ബിൽ നമ്പർ : PTM/01/17-18 dtd 12-01-2018

ഗ്രാമ പഞ്ചായത്ത് തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് 100% സബ്സിഡിയിൽ ഒരാൾക്ക് പരമാവധി 3 കുറ്റി കുരുമുളക് തൈകൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരുക്കുന്നത്. പ്രസ്തുത പ്രോജക്ടിനായി 795 പേരുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കിയട്ടുണ്ട്. പ്രോജക്ട് പ്രകാരം 277 ഗുണഭോക്താക്കൾക്ക് 997 തൈകളാണ് കണക്കാക്കിയിരിക്കുന്നത്. ഇതുപ്രകാരം ഒരെണ്ണത്തിന് ₹100 നിരക്കിൽ VFPCK യിൽ നിന്ന് 997 തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ വിതരണ രജിസ്റ്റർ (പേജ് 8 മുതൽ 28 വരെയുള്ള പേജുകൾ) പ്രകാരം 287 പേർക്കാണ് തൈകൾ വിതരണം ചെയ്തിട്ടുള്ളത്. ഒരാൾക്ക് എത്രവീതം നൽകിയെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 997 തൈകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണത്തിനായി നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ഒരാൾക്ക് 3 തൈകൾ വീതമാണ് വിതരണം ചെയ്യേണ്ടത് . ഇതുപ്രകാരം 287 പേർക്ക് ആകെ 861 തൈകൾ മാത്രമേ ആവശ്യമുള്ളൂ. . ബാക്കി വരുന്ന 136 തൈകൾ ആർക്ക് വിതരണം ചെയ്തു എന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ ഒരാൾക്ക് പരമാവധി 3 തൈകൾ വീതം വിതരണം ചെയ്യുന്നു എന്ന് പ്രോജക്ടിൽ പറഞ്ഞിരിക്കുമ്പോൾ 277 ഗുണഭോക്താക്കൾക്ക് 831 തൈകൾ വാങ്ങേണ്ടതിന് പകരം 997 എണ്ണം തൈകളാണ് വാങ്ങിയിരിക്കുന്നത് .

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.12 തീയതി 27-09-2018 നുള്ള മറുപടിയിൽ 997 തൈകൾ വാങ്ങി 332 പേർക്ക് വിതരണം ചെയ്തിട്ടുണ്ട് എന്നും 287 പേരുടെ കൈപ്പറ്റ് മാത്രമേ വിതരണ രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് എന്നും 45പേരുടെ കൈപ്പറ്റ്

സ്റ്റേറ്റ്മെന്റായാണ് സൂക്ഷിച്ചത് എന്നുമാണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ കൈപ്പറ്റ് സ്റ്റേറ്റ്മെന്റ് വിശ്വസനീയമായ രീതിയിലുള്ളതല്ല. ഗുണഭോക്തൃ വിതരണ രജിസ്റ്ററിൽ ഉൾപ്പെട്ട ഗുണഭോക്താവ് തന്നെ സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടുണ്ട് (വിതരണ രജിസ്റ്റർ ക്രമ നം. 23 ആയി ഉൾപ്പെട്ടിട്ടുള്ള കെ. കുഞ്ഞിരാമൻ സ്റ്റേറ്റ്മെന്റിൽ 12-ാം നമ്പരായി രാമൻ കുനിയിൽ (വാർഡ് 5) എന്ന പേരിൽ കൈപ്പറ്റിയിട്ടുണ്ട്). ആയതിനാൽ കൃത്യമായ വിതരണ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ 136 തൈകളുടെ തുകയായ ₹13600 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മോണിറ്ററിംഗ് റിപ്പോർട്ട് എന്നരീതിയിൽ ഫോം പൂരിപ്പിച്ച് വെച്ചിട്ടുണ്ടെങ്കിലും കൺവീനർ ആരെന്നോ പദ്ധതി നടപ്പിലാക്കിയത് ഏത് രീതിയിലാണെന്നോ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇത്തരം വിഷയങ്ങൾ ഒന്നും തന്നെ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 100% സബ്സിഡിയിൽ നൽകുന്ന ഇത്തരം വിത്ത് / തൈകൾ വിതരണം ചെയ്യുന്നതിലെ അപാകങ്ങൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. തൈകൾ കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ മോണിറ്ററിംഗ് കമ്മിറ്റി, വികസന സ്ററാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവ പ്രത്യേകം ശ്രദ്ധിക്കേണ്ടതും തൈകൾ യഥാർത്ഥത്തതിൽ ആവശ്യമുള്ളവർക്ക് മാത്രം വാങ്ങി വിതരണം ചെയ്യുന്നതീതിയിലുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുമാണ്.

## 3-3 ഇടവിള കൃഷി വ്യാപനം (വനിത ) - പുരുഷന്മാരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

നിർവഹണോദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 27/18 - ഇടവിള കൃഷി വ്യാപനം (വനിത )

അടങ്കൽ : ₹100000 (വികസന ഫണ്ട് )

ചെലവ് : ₹100000

ബിൽ നമ്പർ : PTM/04/17-18 dtd 09-02-2018

ഗ്രാമ പഞ്ചായത്ത് തിരഞ്ഞെടുക്കുന്ന 500 വനിതകൾക്ക് 100% സബ്സിഡിയിൽ ₹200 യുടെ ഇഞ്ചി, മഞ്ഞൾ,ചേന,ചേമ്പ്,നനക്കിഴങ്ങ് വിത്ത് പാക്കറ്റുകൾ നൽകുന്നതിനാണ് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരുക്കുന്നത്. പ്രോജക്ടിന് ആവശ്യമായ വിത്തുകൾ ടെണ്ടർ പ്രകാരം ഉർവര നഴ്സറിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് .പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരുക്കുന്നത്. 500 പേർക്ക് വിത്തുകൾ വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭ തിരഞ്ഞെടുത്ത് ഭരണസമിതി അംഗീകരിച്ച് നൽകിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ പുരുഷന്മാരായ ഗുണഭോക്താക്കൾ ഉൾപ്പെടുകയും താഴെ പറയുന്നവർക്ക് ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഗുണഭോക്തൃ പട്ടികയിലെ നമ്പർ | വിതരണ റജിസ്റ്ററിലെ ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 3 | 65 | 489 | രവീന്ദ്രൻ എന്ന സഹദേവൻ, ശ്രീവത്സം |
| 2 | 4 | 73 | 261 | സജീവൻ.വി, കൊയ്യത്തി ഹൗസ് |
| 3 | 4 | 88 | 275 | പത്മനാഭൻ .ഒ, ഒറക്കൻ ഹൗസ് |
| 4 | 4 | 91 | 278 | പ്രകാശൻ , പ്രണവം |
| 5 | 4 | 92 | 279 | സി.എം.സുധീർ ബാബു, വരപ്രത്ത് |
| 6 | 7 | 247 | 185 | യൂസഫ്.ടി.വി.കെ, താഴെ കളത്തിലെ വളപ്പിൽ |
| 7 | 7 | 190 | 420 | പത്മനാഭൻ.എം, ഷിജിൻ നിവാസ് |
| 8 | 7 | 187 | 495 | കെ.കെ.പ്രേമചന്ദ്രൻ, പുനത്തിലെക്കണ്ടി |
| 9 | 8 | 210 | 447 | രവീന്ദ്രൻ കെ.എം, ഉത്രാടം ,മുതിയങ്ങ |
| 10 | 8 | 216 | 452 | രാഘവൻ ,മാട്ടാങ്കോട്ട് ചാത്തന്റെ കുന്നുമ്മൽ |
| 11 | 9 | 244 | 182 | ചാത്തുക്കുട്ടി .കെ.കെ, കുഞ്ഞിക്കണ്ടി പറമ്പത്ത് |

| | | | | |
|---|---|---|---|---|
| 12 | 9 | 267 | 205 | അസലാം മജീദ്, കാട്ടിലെ വാഴയിൽ |
| 13 | 13 | 463 | 321 | കുങ്കൻ. എ, വെങ്ങളം ഹൗസ് |
| 14 | 13 | 469 | 325 | കോമൽ. സി.പി, പ്രജിത്ത് നിവാസ് |
| 15 | 13 | 481 | 335 | മനോജ് .സി.പി, വിസ്മയ നിവാസ് |
| 16 | 16 | 665 | 472 | സുഭാഷ്.സി.പി, ദേവി കൃപ |

2) പ്രോജക്ട് പ്രകാരം ടെണ്ടർ മുഖേനയാണ് വിത്തുകൾ വാങ്ങിയിരിക്കുന്നത്. ടെണ്ടറിൽ രണ്ടു പേർ പങ്കെടുത്തിട്ടുണ്ട്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഉർവര നഴ്സറിയുടെ ടെണ്ടറാണ് ഭരണ സമിതി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടറുകൾ പ്രൊക്വർമെന്റ് കമ്മറ്റിയിൽ പരിഗണിച്ചിട്ടില്ല.

3) സ.ഉ (എം.എസ്) നമ്പർ.72/2017/തസ്വഭവ, തീയതി. 29-03-2017 പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗനിർദേശത്തിലെ ഖണ്ഡിക 13.3 പ്രകാരം വനിതാ ഘടകപദ്ധതിയിൽ ഏറ്റെടുക്കാവുന്ന പൊതു പ്രോജക്ടുകൾ എന്തൊക്കെയാണെന്ന് പരാമർശിച്ചിട്ടുണ്ട്. ഇത് പ്രകാരം കാർഷിക പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഇതിന് വിരുദ്ധമായാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 14തീയതി 27-09-2018) മറുപടിയിൽ ഗ്രാമസഭ അംഗീകരിച്ച് പഞ്ചായത്ത് ഭരണസമിതി നൽകിയ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നും പരിചയക്കുറവ് മൂലമാണ് പുരുഷന്മാരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് എന്നുമാണ് വിശദീകരിച്ചത്.

പദ്ധതി രൂപീകരണത്തിലും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന കാര്യത്തിലുമുള്ള വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ഭാഗത്ത്നിന്നുണ്ടായ വീഴ്ചയും നിർവഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ ശ്രദ്ധക്കുറവും ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-4 അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്താതെ മുഴുവൻ തുകയും നൽകി - 6684 രൂപ നിരാകരിക്കുന്നു

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ :115/18 -ലാവിഷ് കോർണർ കല്ലുന്നിമൊട്ട പനഞ്ഞെരി പറമ്പ് റോഡ്

ഓട നിർമ്മാണം.

അടങ്കൽ :₹160000(മെയിന്റനൻസ് ഫണ്ട് -റോഡ് )

: ₹5000 (തനത് ഫണ്ട്)

ആകെ : ₹165000

ചെലവ് : ₹159151

ബിൽ നമ്പർ : 09/17-18 dtd 09-02--2018

അളവ് പുസ്തകം : 02/17-18

പ്രസ്തുത പ്രവൃത്തിക്കായി സമർപ്പിച്ച 2 ടെണ്ടറുകളിൽ 4.2% കുറവ് രേഖപ്പെടുത്തിയ ശ്രീ.ടി.കെ ഷാജിയുടെ ടെണ്ടറാണ് ഭരണ സമിതി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ നൽകുമ്പോൾ ടെണ്ടർ കുറവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ നൽകുന്നു.

ആകെ പ്രവൃത്തി മൂല്യം : ₹159151

ടെണ്ടർ കുറവ് : 159151 x 4.2% = 6684

ടെണ്ടർ കുറവ് വരുത്താതെ തുക നൽകിയതിനാൽ കരാറുകാരന് അധികം നൽകിയ ₹6684 കരാറുകാരനിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-5 കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്ത പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കിയില്ല.

2016-17 വർഷം കരാർ വെച്ച പ്രവൃത്തികൾ കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ഇത്തരം പ്രവൃത്തികളിൽ നിന്നും കരാർ നിബന്ധന പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല. ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര് / കരാറുകാരൻ | കരാർ നമ്പർ / പൂർത്തീകരണ തീയതി | പൂർത്തീകരിച്ച തീയതി | ബിൽ നമ്പർ | ഈടാക്കേണ്ട പിഴ PAC യുടെ 1% |
|---|---|---|---|---|---|
| 1 | 128/18- കൊട്ടയോടി അംഗൻവാടി പുനരുദ്ധാരണം | AE/LSGD/PTM/ 40/16-17 dtd 22-02-2017<br>23-03-2017 | 19-04-2017 | 01/17-18 dtd 22/12/2017 -₹355487 | 5380 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ -രാജു.കെ.സി<br>കരാർ തുക : ₹537999 | | | | |
| 2 | 139/18 -കെ.പി.ശ്രീധരൻ മാസ്റ്റർ റോഡ് പാച്ച് വർക്കിംഗ്<br>കരാറുകാരൻ : ഷാജി. ടി.കെ<br>കരാർ തുക : ₹569780 | AE/LSGD/PTM/ 39/16-17 dtd<br>22-02-2017<br>23-03-2017 | 31-05-2017 | 06/17-18 dtd<br>17-01/2018-<br>₹569242 | 5698 |
| | | | | ആകെ | 11078 |

## 3-6 ഒഴിഞ്ഞ ബാരലിന്റെ വില, ജി.എസ്.ടി ഒടുക്കുന്നത് സംബന്ധിച്ച്

ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ടാർ ബാരലിന്റെ വില, ജി.എസ്.ടി എന്നിവ പഞ്ചായത്തിന്റെ ടി.എസ്.ബി അക്കൗണ്ടായ722041400000023 (തനത് ഫണ്ട് അക്കൗണ്ട്) ൽ ആണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30-10-2007 ലെ 59827/എഫ്.എം/07നമ്പർ സർക്കുലർ പ്രകാരം ടാർ ബാരലിന്റെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. ആയതിനാൽ പ്രവൃത്തിക്ക് ചെലവഴിച്ച ഫണ്ടിലേക്ക് ബാരൽ വില തിരിച്ചടച്ചതിന്റെയും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്ക് ഒടുക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-7 പഞ്ചായത്ത് ഓഫീസ് സോളാർ വൈദ്യുതീകരണം --സോളാർ പവ്വർ പ്ലാന്റ് കമ്മിഷൻ ചെയ്തിട്ടില്ല.

പ്രൊജക്ട് നം--s00 55/ 17-18( പഞ്ചായത്ത് ഓഫീസ് സോളാർ വൈദ്യുതീകരണം).

അടങ്കൽ ---₹ 1000000 തനത് ഫണ്ട്. (തൻവർഷ അടങ്കൽ - ₹ 526413 )

ചെലവ്--- ₹ 380050 (തൻവർഷം)

പഞ്ചായത്ത് ഓഫീസ് സമുചയത്തിലെ എല്ലാ ഓഫീസുകൾക്കും വൈദ്യുതി ലഭ്യമാകുന്ന വിധത്തിൽ സോളാർ പവ്വർ പ്ലാന്റ് (ഗ്രിഡ്) സ്ഥാപിക്കുന്നതിനു വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.2016-17ൽ തുടങ്ങിയതാണ് മേൽ പദ്ധതി. പാട്യം ഗ്രാമ പഞ്ചായത്തിന്റെ 26.12.16 ലെ 162(1) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കെൽട്രോണിനെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചത്. 3.2.17 ലെ കരാർ ഉടമ്പടി പ്രകാരം 10kwpസോളാർ പവ്വർ പ്ലാന്റിന്റെ പ്രവർത്തി 2017 ഏപ്രിലിൽ പൂർത്തീകരിച്ചിട്ടുണ്ട്. കരാറിലെ നിബന്ധന പ്രകാരം സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള മുൻകൂറായി ₹473587 രൂപ യും (ചെക്ക്

നം.1677457 28/2/17). ഇൻസ്റ്റലേഷൻ പ്രവർത്തി പൂർത്തീകരിച്ചതിനാൽ 24/3/18 ന് ₹378870 കെൽട്രോണിനും സോളാർ മീറ്റർടെസ്റ്റ് നടത്തുന്നതിനുള്ള ചാർജ് ഇനത്തിൽ ₹1180 രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. സോളാർ പവ്വർ പ്ലാന്റ് സ്ഥാപിച്ച് 8 മാസത്തിന് ശേഷമാണ് 3 ഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിനു വേണ്ടി 23/12/17 ലെ സെക്രട്ടറിയുടെ എ4/ 3819/17 നം.കത്ത് മുഖേന പഞ്ചായത്ത് കെ.എസ്.ഇ.ബിയെ സമീപിച്ചത്. നിർവ്വഹണ പ്രക്രിയ തുടങ്ങുന്നതിന് മുമ്പ് പദ്ധതി നടപ്പിലാക്കുന്നതിനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്താൻ നിർവ്വഹണ ഏജൻസി ശ്രദ്ധിക്കേണ്ടതായിരുന്നു. കേരള സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നും 10 kwp ഗ്രിഡിന് അംഗീകാരം ലഭിക്കുന്നതിനു കെൽട്രോൺ ( keltron ന്റെ 23/8/18 ലെ mktg/kca/solar/sp523/16-17 നം കത്ത്) രേഖകൾ ഹാജരാക്കിയിട്ടും ഇതുവരെയായി അംഗീകാരം ലഭിച്ചതായി കാണുന്നില്ല. സോളാർ പവ്വർ പ്ലാന്റ് സ്ഥാപിച്ചിട്ട് ഒന്നര വർഷം കഴിഞ്ഞിട്ടും പദ്ധതി പ്രവർത്തനം തുടങ്ങാത്തത് പ്രൊജക്ട് നടത്തിപ്പിലെ പോരായ്മയാണ്. പദ്ധതി പൂർത്തീകരിച്ച് കമ്മിഷൻ ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 3-8 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരം ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രൊജക്ട് നമ്പർ : 50/18

പ്രൊജക്ടിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹250000 വികസന ഫണ്ട്

: ₹ 250000 സംസ്ഥാനാവിഷ്കൃത ഫണ്ട്

: ₹ 500000 മറ്റുള്ളവ

ആകെ ₹ 1000000

ചെലവ് തുക : ₹250000 ബിൽ നമ്പർ : p1/17-18/24-11-2017 ₹ 250000

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതമായ ₹250000 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ, സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം കണ്ണൂർ ന് നൽകിയിട്ടുണ്ട്. പദ്ധതി പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 19 തീ. 1.10.18) ലഭ്യമാക്കിയ മറുപടിയിൽ എസ്.എൽ.ബി.പി മാർഗ്ഗരേഖ പ്രകാരം തെരഞ്ഞെടുത്ത കന്നുകുട്ടികൾക്കുള്ള കാലിത്തീറ്റ 2017 ഡിസംബർ മാസം മുതൽ പാട്യം ക്ഷീരസഹകരണ സംഘം മുഖേന വിതരണം തുടങ്ങിയതായും കന്നുകുട്ടികളെ പരിപാലിക്കുന്നതിനായി വേണ്ട പരിശീലനം കർഷകർക്ക് നൽകിയിട്ടുള്ളതായും അറിയിച്ചെങ്കിലും പരിശീലനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല. പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -എ.എം.സി

## നിർദ്ദേശങ്ങളൾ പാലിച്ചില്ല.

പ്രൊജക്റ്റ് നം-- 76 /17-18 . സ്പിൽഓവർ (5/17) (തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി.)

അടങ്കൽ തനത് ഫണ്ട് ₹ 315000

ചെലവ്--- തനത് ഫണ്ട് ₹ 310800

ചെക്ക് നം - 5076816, 10/10/17 ₹ 105000

ചെക്ക് നം - 7698236,19/3/18 ₹205800

പഞ്ചായത്ത് തൻവർഷം തെരുവുവിളക്കുകളുടെ വാർഷിക അറ്റകറ്റ പണി എന്ന പദ്ധതിക്കായി ആകെ ₹310800 രൂപ ചെലവഴിച്ചിട്ടുണ്ട് . പദ്ധതി പ്രകാരം സി.എഫ്.എൽ-800 എണ്ണം , ട്യൂബ് ലൈറ്റ് 40 എണ്ണം പരിപാലിക്കുന്നതിന് വേണ്ടിയാണ് തുക വകയിരുത്തിയത് .

2016-17 ൽ അംഗീകാരം ലഭിച്ച മേൽ പദ്ധതി (പഞ്ചായത്ത് തീരുമാനം നം.158 /16,5/12/16) ടെണ്ടറിംഗ് സംവിധാനത്തിലൂടെയാണ് ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ചക്കരക്കൽ എലൈറ്റ് ഇലക്ട്രിക്കൽസിന് കരാർ നൽകിയത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27/3/12 ലെ 67208/ഡി.എ 3./11/തസ്വഭവ പ്രകാരം ടെണ്ടറിംഗ് സംവിധാനം വഴി കെ.എസ്.ഇ.ബി ഉൾപ്പെടെയുള്ള ഏജൻസികൾക്ക് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 14/02/17 ലെ കരാർ ഉടമ്പടി പ്രകാരം മുഴുവൻ വാർഡുകളിലേയും റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം വാർഡ് മെമ്പർമാർ ഹാജരാക്കിയെങ്കിലും, പ്രൊജക്റ്റിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

1 . കരാർ ഉടമ്പടിയിൽ കരാറുകാരന്റെ ഉത്തരവാദിത്വവും ചുമതലയും എഴുതി ചേർത്തിട്ടില്ല. കരാർ പ്രകാരം വാർഷിക അറ്റകറ്റ പണി നടത്താൻ തീരുമാനിച്ച തെരുവുവിളക്കുകളുടെ എണ്ണം, തരം, രീതി എന്നിവ വ്യക്തമാക്കയിട്ടില്ല.

2. പ്രവൃത്തി സമയത്ത് കരാറുകാരന് സംഭവിച്ചേക്കാവുന്ന അപകടം, അതുമൂലമുണ്ടാകുന്ന നഷ്ടപരിഹാരം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിന് ഉത്തിവാദിത്വം ഉണ്ടാകുന്നതല്ല എന്ന ഗൗരവമേറിയ വിഷയം ഉൾപ്പെടുത്തിയില്ല.

3.തെരുവ് വിളക്കുകളും സാമഗ്രികളും സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കെ.എസ്.ഇ.ബിയുടെയും അധികാരികൾ സംയുക്ത പരിശോധന നടത്തിയ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

4. എ.എം,സി കരാറിലെ വ്യവസ്ഥ പ്രകാരം സ്ഥാപിക്കപ്പെട്ട എല്ലാ ഉപകരണങ്ങളും പ്രവർത്തനനിരതമാണോ എന്ന് ഗ്രാമ പഞ്ചായത്തും കരാറുകാരനും ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കെ.എസ്.ഇ.ബിയുടെയും ബന്ധപ്പെട്ട അധികാരികളും സംയുക്ത പരിശോധന നടത്തിയതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

5. തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ (സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം എന്നിവ രേഖപ്പെടുത്തിയത്) കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

6. കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തുന്ന തെരുവു വിളക്കുകളുടെ സർവ്വീസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെന്നും വാങ്ങിയ സാധന സാമഗ്രികൾ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഉള്ളതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത് . മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ യഥാർത്ഥത്തിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് തന്നെയാണോ തുക അനുവദിച്ചതെന്ന് ഉറപ്പ് വരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ് . ഗ്രാമ പഞ്ചായത്ത് നടപ്പാക്കുന്ന പ്രവൃത്തികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ചെലവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-10 കിണർ നിർമ്മാണം പട്ടിക വർഗ്ഗം -പദ്ധതി നടത്തിപ്പിലെ അപാകം -അധികം നൽകിയ 12584 രൂപ ഈടാക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 84/18 - കിണർ നിർമ്മാണം പട്ടിക വർഗ്ഗം

അടങ്കൽ : ₹175000(വികസന ഫണ്ട് - ടി.എസ്.പി )

ചെലവ് : ₹157458

ബിൽ നമ്പർ : 1) ₹57458 -- 01/17-18 dtd 29-07-2017

2) ₹89624 -- 07/17-18 dtd 27-10-2017

3) ₹10376 -- 16/17-18 dtd 30-01-2018

2016-17 ലെ 32/17 പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടായാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ട് പ്രകാരം 6 പേർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്) നമ്പർ 4/2016/തസ്വഭവ,തീയതി 11-01-2016 പ്രകാരമുള്ള 2016-17 ലെ വാർഷിക പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് മാർഗ്ഗരേഖ പ്രകാരമാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ ചുവടെ കൊടുക്കുന്നു.

1. വരുമാന പരിധി ₹ 50000.

2. ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടാകണം .

3. യൂണിറ്റ് കോസ്റ്റ് എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വിഭാഗം ജില്ലാതലത്തിൽ നിശ്ചയിക്കണം .

4. മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

5. മഴവെള്ളം റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസിൽ ചെയ്യേണ്ടതാണ്.

6. എൽ .എസ്.ജി.ഡി.എഞ്ചിനീയർ അളവ് എടുക്കണം.

മേൽ മാനദണ്ഡങ്ങളിൽ വരുമാനം തെളിയിക്കുന്ന രേഖകളും എൽ.എസ്.ജി.ഡി. ഓവർസീയർ അളവെടുത്തതിന്റെ അടിസ്ഥാനത്തിലുള്ള സാക്ഷ്യപത്രവും മാത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിനാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. പ്രോജക്ട് നടത്തിപ്പിലെ മറ്റ് അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ 3.5.1. പ്രകാരം പട്ടികവർഗ്ഗക്കാർക്ക് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 90% (പരമാവധി ₹20000, മലനാട് ₹25000) ആണ്.

1. ബിൽ നമ്പർ -1- പ്രകാരം സാവിത്രി.സി.പി എന്ന ഗുണഭോക്താവിന് ഓവർസീയർ നൽകിയ ₹7458 മൂല്യനിർണ്ണയ രേഖ പ്രകാരം മുഴുവൻ തുകയും (₹7458) നൽകിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം മൂല്യനിർണ്ണയ തുകയുടെ 90% ആയ ₹6712 മാത്രമേ അർഹതയുള്ളൂ. അധികമായി നൽകിയ ₹746 തിരിച്ചീടാക്കേണ്ടതാണ്.

2. ബിൽ നമ്പർ -2- പ്രകാരം ലീല.പി, വെങ്ങളം എന്നിവർക്ക് നിർമ്മാണം പൂർത്തിയായി എന്ന ഓവർസീയറുടെ സാക്ഷ്യപത്രത്തിന്റെയും ₹14624 മൂല്യനിർണ്ണയത്തിന്റെയും അടിസ്ഥാനത്തിൽ മുഴുവൻ തുകയും (₹14624) അനുവദിക്കുകയുണ്ടായി. മാർഗ്ഗരേഖ പ്രകാരം മൂല്യനിർണ്ണയ തുകയുടെ 90% ആയ ₹13162 മാത്രമേ അർഹതയുള്ളൂ. അധികമായി ₹1462 നൽകിയിട്ടുണ്ട്. ഇതേ വ്യക്തിക്ക് തന്നെ ബിൽ നമ്പർ -3- പ്രകാരം നിർമ്മാണം പൂർത്തിയായി എന്ന ഓവർസീയറുടെ മറ്റൊരു സാക്ഷ്യപത്രത്തിന്റെ (മൂല്യനിർണ്ണയ തുക₹64804) അടിസ്ഥാനത്തിൽ ₹10376 ഉം കൂടി ആകെ ₹25000 അനുവദിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.20/1.10.18) മറുപടിയിൽ ഓവർസീയറുടെ വാല്വേഷന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ തുകയും നൽകിയതെന്നും ലീല.പി കലക്ടർക്ക് നൽകിയ പരാതിയുടെ കോപ്പി യും ഓവർസീയറുടെ വാല്വേഷന്റെ പകർപ്പും ഹാജരാക്കുകയാണുണ്ടായത്.

സബ്സിഡി മാനദണ്ഡ പ്രകാരം പ്രവൃത്തിയുടെ വാല്വേഷൻ നൽകേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറാണ്. എന്നാൽ ഓവർസിയറാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ഒരേ പ്രവൃത്തി രണ്ട് ഓവർസീയർമാർ രണ്ടുതരത്തിലാണ് മൂല്യനിർണ്ണയം നടത്തിയിരിക്കുന്നത്. ആദ്യ മൂല്യനിർണ്ണയ പ്രകാരം കിണർ കുഴിക്കുന്നതിന് CPWD 2.6.1 Specification നം പാരപ്പറ്റ് കെട്ടുന്നതിന് CPWD 50.6.17 പ്രകാരവും പാരപ്പറ്റ് പ്ലാസ്റ്ററിംഗ് CPWD 13.1.1. പ്രകാരവുമാണ്. Price software ലെ ഗുണഭോക്തൃ കമ്മിറ്റികൾക്കുള്ള നിരക്കാണ് ഇതിന് ഉപയോഗിച്ചത് എന്ന് മൂല്യനിർണ്ണയത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം ₹14624 ആണ് മൂല്യനിർണ്ണയ തുക. രണ്ടാമത്തെ മൂല്യനിർണ്ണയം പ്രകാരം കിണർ കുഴിക്കുന്നതിന് CPWD 2.6.1 Specification നം well lining, parapet എന്നിവക്ക് od 252305/17-18 പ്രകാരമുള്ള Price software ലെ ഗുണഭോക്തൃ കമ്മിറ്റികൾക്കുള്ള നിരക്കാണ് ഉപയോഗിച്ചത് എന്ന് മൂല്യനിർണ്ണയത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതു പ്രകാരം ₹64804/- ആണ് മൂല്യ നിർണയ തുക. ഒരേ പ്രവൃത്തിക്ക് രണ്ട് ഒവർസീയർമാർ രണ്ട് തോതുകളാണ് ഉപയോഗിച്ചിരിക്കുന്നത് . രണ്ടാമത് നൽകിയ മൂല്യനിർണ്ണയത്തിലെ കണക്ക് കൂട്ടൽ പ്രകാരം പാരപ്പറ്റ് നിർമാണത്തിന്റെ മൂല്യനിർണ്ണയം താഴെ പറയും പ്രകാരം തെറ്റായ രീതീയിലാണ് നടത്തിയിരിക്കുന്നത്.

| മൂല്യനിർണ്ണയത്തിലെ കണക്ക്കൂട്ടൽ പ്രകാരം | കണക്ക് കൂട്ടിയാൽ ലഭിക്കുന്നത്. |
|---|---|

| | |
|---|---|
| Well lining 3.14 x 2.250 x 0.2 x 1.00 = 7.065 | Well lining 3.14 x 2.250 x 0.2 x 1.00 = 1.413 |
| Parappet 3.14 x 2.250 x 0.2 x 0.60 = 4.239 | Parappet 3.14 x 2.250 x 0.2 x 0.60 = 0.8478 |
| ആകെ =11.304 | ആകെ = 2.2608 |
| നിരക്ക് ₹5051/m3 x 11.304 = 57096.5 | നിരക്ക് ₹5051/m3 x 2.2608 = 11419 |

ഇു പ്രകാരം കിണർ നിർമ്മാണത്തിൽ ₹7708/- യും പാരപ്പറ്റ് നിർമ്മാണത്തിന് ₹11419 ഉം കൂടി ആകെ ₹19127/- മാത്രമേ വരുകയുള്ളൂ. ആയതിനാൽ മേൽ മൂല്യ നിർണയം ശരിയല്ലാത്തതിനാൽ ലീല. പി, വെങ്ങളം എന്ന ഗുണഭോക്താവിന് ₹25000 ന് അർഹതയില്ല. ആയതിനാൽ രണ്ടാമത്തെ ബിൽ പ്രകാരം നൽകിയ ₹10376 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
മേൽ അപാകങ്ങൾ കാരണം ആകെ ₹12584 (746 + 1462 + 10376) ഓഡിറ്റിൽ നിരാകരിക്കുന്നു.അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## 3-11 കുടുംബശ്രീ അടിസ്ഥാന സൗകര്യ വികസനം -'ടെണ്ടർ നടപടി ക്രമത്തിലെ അപാകങ്ങൾ

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ : 75/18 - കുടുംബശ്രീ അടിസ്ഥാന സൗകര്യ വികസനം

അടങ്കൽ : ₹214000(വികസന ഫണ്ട് )

ചെലവ് : ₹154634

ബിൽ നമ്പർ : 21/17-18 dtd 13-03-2018

കുടുംബശ്രീ വിപണനമേളകൾക്കും മറ്റും ആവശ്യമായ (സ്ഥിരം സംവിധാനം ) പന്തൽ, കസേര, മേശ,റാക്ക്, അളവ് തൂക്ക ഉപകരണം എന്നിവ വാങ്ങുന്നതിനുവേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ട് പ്രകാരം മേശ 6 എണ്ണം , കസേര 20എണ്ണം, റേക്ക് 2എണ്ണം, വെയിംഗ് മെഷീൻ 2 എണ്ണം,ടെന്റ് 6 എണ്ണം എന്നിവ വാങ്ങാനാണ് ഉദ്ദേശിച്ചത്. ടെണ്ടർ ക്ഷണിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് . പ്രോജക്ടിൽ വാങ്ങിക്കുന്ന സാധനത്തിന്റെ വിലയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടർ ക്ഷണിക്കുമ്പോൾ സ്പെസിഫിക്കേഷൻ നൽകിയത് സംബന്ധിച്ച് വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 24-11-2017 ലെ ടെണ്ടറിൽ 3 പേരാണ് പങ്കെടുത്തിരിക്കുന്നത്. അനു ഏജൻസീസ് കൂടാളി , KADCO, FIDCO എന്നിവ. അനു ഏജൻസിയുടെ ടെണ്ടർ പ്രകാരം മേശ,റാക്ക് , ടെന്റിനുവേണ്ട ടാർപോളിൻ, polesഎന്നിവയുടെ അളവും കസേര ഏതൊക്കെ കമ്പനിയുടേത് എന്നും എന്ത് കൊണ്ടുണ്ടാക്കിയ മേശയാണെന്നും കാണിച്ചിട്ടുണ്ട് . എന്നാൽ മറ്റ് സ്ഥാപനങ്ങൾ നൽകിയ

ക്വട്ടേഷനിൽ അളവ് വ്യക്തമാക്കിയിട്ടില്ല. മൂന്ന് ടെണ്ടറുകളിലേയും സാധനങ്ങളുടെ സ്പെസിഫിക്കേഷനുകൾ വ്യത്യസ്ത തരത്തിലുള്ളതാണ്. ഇവയിൽ നിന്നും ഏറ്റവും കുറവ് ക്വോട്ട് ചെയ്തത് അനു ഏജൻസിയാണ് എന്ന് കണ്ടെത്തിയത് എങ്ങനെ എന്ന് വ്യക്തമല്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടെണ്ടർ സമയത്ത് ആവശ്യമായ സ്പെസിഫിക്കേഷനുകൾ നൽകിയിരുന്നു എന്നും KADCO, FIDCO എന്നിവർ അവരുടെ കൈയിലുള്ള സാധനങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ സമർപ്പിച്ചതിനാലാണ് ചെറിയ വ്യത്യാസങ്ങൾ വന്നിട്ടുള്ളത് എന്നും, പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധന നടത്തിയതിൽ താരതമ്യേന ഗുണനിലവാരം പുലർത്തുന്ന സാധനങ്ങൾ അനു ഏജൻസിയുടേതായതിനാലുമാണ് ഭരണസമിതിക്ക് ശുപാർശ ചെയ്തത് എന്നുമാണ് വിശദീകരിച്ചത്. എന്നാൽ പരിശോധനക്കായി സാധനങ്ങളുടെ സ്പെസിഫിക്കേഷൻ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മറുപടിയുടെ നിജസ്ഥിതി പരിശോധിക്കാനായിട്ടില്ല. ടെണ്ടർ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത്തരം വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-12** <u>എസ് . സി. വിദ്യാർത്ഥികൾക്ക് പഠനമുറി - സർക്കാർ ഉത്തരവിലെ നിബന്ധന പാലിച്ചില്ല.</u>

നിർവ്വഹണം-- ഹെഡ്മാസ്റ്റർ, ഗവ. യു.പി.സ്കൂൾ.

പ്രൊജക്ട് നം--- 100 /2017-18

അടങ്കൽ ---₹ 200000 (വികസന ഫണ്ട്) എസ്.സി.പി.

ചെലവ്--- ₹ 100000

ബിൽ നം --20 / 17-18 ,22.3.18. ₹ 200000

മേൽ പദ്ധതി പ്രകാരം 2 പട്ടികജാതി വിദ്യാർതികൾക്ക് പഠനമുറി ഒരുക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.സ.ഉ (സാധാ)നം .1683 /17,ത.സ്വ.ഭ.വ ,തീ.23.5.17 പ്രകാരം എസ്.സി. വിദ്യാർത്ഥികൾക്ക്

പഠനമുറി നിർമ്മിച്ച് നൽകൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഈ പദ്ധതിയിൽ ആനുകൂല്യത്തിനായി തെരഞ്ഞെടുക്കപ്പെട്ടാൽ താഴെ പറയുന്ന നിബന്ധനകൾ പാലിക്കപ്പെടേണ്ടതാണ്.

1.ഗുണഭോക്താവിന് വാസയോഗ്യമായ വിട് ഉണ്ടായിരിക്കണം.

2.നിലവിലെ വീട് 800 ചതുരശ്ര അടിയിൽ താഴെ ആയിരിക്കണം.

3.നിർമ്മിക്കുന്ന പഠനമുറിക്ക് 100 ച . അടിയിൽ അധികരിക്കാത്ത വിസ്തീർണ്ണം ഉണ്ടായിരിക്കണം.

4.നിർമ്മിക്കുന്ന മുറിയുടെ എസ്റ്റിമേറ്റ് എഞ്ചിനീയർ മെഷർമെന്റ് നടത്തിയതിന്റെ അടിസ്ഥാനമാക്കി വേണം ധനസഹായം അനുവദിക്കുവാൻ.

എന്നാൽ ഈ പദ്ധതിയിലെ ധനസഹായം കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ (1.ഷിബിൻ.ടി, S/oശ്രീജ.ടി, 2. മാനസ.പി.പി. , D/o പവിത്രൻ പി.പി) സമർപ്പിച്ച അപേക്ഷകൾ, മറ്റു രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണ്ണം 100 ച.അടിയിൽ കൂടിയതായി കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ പഠനമുറിയുടെ വിസ്തീർണ്ണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയില്ല. പദ്ധതി നിർവ്വഹണത്തിൽ മേൽ സർക്കാർ ഉത്തരവിലെ നിബന്ധന പാലിച്ചതായി കാണുന്നില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ - മാർഗ്ഗരേഖ വ്യവസ്ഥ പാലിക്കാതെ നടത്തിയത് – ₹ 81000 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-ഹെഡ്മാസ്റ്റർ

പ്രൊജക്ട് നം--99 /17- 18. (പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ.

അടങ്കൽ ---₹ 1,35,000. വികസന ഫണ്ട് (ടി.എസ്.പി)

ചെലവ്--- ₹ 1,35,000

ബിൽ നം --8 / 2017-18 / 31.10.17. ₹ 1,35,000

മേൽ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇഗാപോ ഐ.ടി സൊല്യൂഷ്യൻസ് തലശ്ശേരിയിൽ നിന്നും 5 ലാപ്പ് ടോപ്പുകൾ( ഇൻവോയ്സ്. നം ES1060,17/10/17 @27000*5) വാങ്ങി 5 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1 .ജി.ഒ.(എം.എസ്.) 80/ 17 ,ത.സ്വ.ഭ.വ , 3.4.17 ഉത്തരവ് പ്രകാരം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ട ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്കനിക്ക് (ഡിപ്ലോമ) , എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം , ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ, പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ വിഭാഗത്തിൽ പ്പെടാത്ത വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകുന്നതിന് അനുമതി ഇല്ല.

മേൽ പറഞ്ഞ വിഭാഗത്തിൽ പ്പെടാത്ത താഴെ കൊടുത്ത വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 16/1.10.18) താഴെ കാണിച്ചിട്ടുള്ള വിഷയങ്ങളിൽ പഠനം നടത്തുന്നവർക്കും നൽകാമെന്ന ധാരണയിലാണ് തുക അനുവദിച്ചതായി മറുപടിയിൽ വിശദമാക്കിയത്

| ക്രമ.നം | പേര് | വിഷയം | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | കിച്ചുജിജിൻ.എ.കെ.പി, വാർഡ്.12 | 2 വർഷത്തെ | ഗവ.ഇൻഡസ്ട്രിയൽ ട്രയിനിംഗ് ഇൻസ്റ്റിട്യൂട്ട്, തോട്ടട |

| | | | |
|---|---|---|---|
| | കിച്ചു നിവാസ്, കണ്ണവം | ഡിപ്ലോമ (ITI) | |
| 2 | സായൂജ്യ യ , വാർഡ്.13 സന്തോഷ നിവാസ്, കണ്ണവം | D.Ed | പട്ടം താണുപിള്ള മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് ടീച്ചർ എഡ്യുകേഷൻ,തിരുവനന്തപുരം |
| 3 | നിമ്യ.പി , വാർഡ്.13, റോഷ് നിലയം, അറക്കൽ, കണ്ണവം. | D.Ed | യുണിറ്റി ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് ടീച്ചർ എഡ്യുകേഷൻ, മട്ടന്നൂർ |

മുമ്പ് ഇതേ ആവശ്യത്തിന് ധനസഹായം ലഭ്യമാക്കിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗ രേഖയിലെ വ്യവസ്ഥ പാലിക്കാതെ ചെലവ് ചെയ്ത 81000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ലഭ്യമാക്കേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ ടെൻഡർ പരസ്യത്തിൽ നൽകുന്നില്ല

നിർവ്വഹണഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

| പ്രോജക്ട് | ജാഗ്രതാ സമിതി ശാക്തീകരണം | അംഗൻവാടികൾക്ക് ബേബി ബെഡ് |
|---|---|---|
| പ്രോജക്ട് നം | 11/2018 | 10/18 |
| അടങ്കൽ | 33,582 | 1,67,475( മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ചെലവ് | 11,884 | 1,67,475 |
| ബിൽ നം &തീയതി | 14/ 28-3-2018 | 9/9-3-2018 |

ജാഗ്രതാ സമിതി ശാക്തീകരണം പ്രോജക്ടിനു വേണ്ടി ടെണ്ടർ ക്ഷണിച്ച് അലമാര, മേശ എന്നിവ കാഡ്കോയിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്

വാങ്ങിച്ച സാധനങ്ങളുടെ ഇനം ,തരം എന്നിവ താഴെ പറയുന്നു

സ്റ്റീൽ മേശ-( ഒരു വശം വലിപ്പ് ,കബേഡ് )-4 *2 20guage

സ്റ്റീൽ അലമാര --78 *36*19 20 guage

നെയിം ബോർഡ് -(മെറ്റൽ ഫ്രയിം വിത്ത് ഷീറ്റ് )-3 *2 size – 18 guage

അംഗൻവാടികൾക്ക് ബേബി ബെഡ് എന്ന പ്രോജക്ടിനു വേണ്ടി ടെണ്ടർ ക്ഷണിച്ചത് പ്രകാരം അനു ഏജൻസിയിൽ നിന്നും ബേബി ബെഡ് വാങ്ങിച്ചിട്ടുണ്ട്- ( സ്പെസിഫിക്കേഷൻ 36*48*1-1/2 Rubrised Coir -Sulfex Company)

മുകളിൽ പരാമർശിച്ച രണ്ട് പ്രോജക്ടുകളിലും വാങ്ങിക്കേണ്ടുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷൻ ടെൻഡർ നോട്ടീസിൽ പരാമർശിക്കുന്നില്ല. സ്ഥാപനങ്ങൾ ക്വാട്ട് ചെയ്യുന്ന സ്പെസിഫിക്കേഷൻ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥയും, പർച്ചേസ് കമ്മിറ്റിയും അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. സ്ഥാപനങ്ങൾ വിവിധ തരം സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾ ഹാജരാക്കുമ്പോൾ അവയിൽ നിന്നും മുൻ ധാരണയില്ലാതെ എപ്രകാരമാണ് ടെണ്ടർ അംഗീകരിയ്ക്കുന്നതെന്ന് വ്യക്തമല്ല. ഭാവിയിൽ ടെൻഡർ നോട്ടീസിൽ തന്നെ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ നൽകേണ്ടതാണ്.

ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 യോഗ പരിശീലനം- ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കാത്തതും ,മറ്റ് അപാകങ്ങളും ₹ 2,40,000 തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (ആയുർവേദ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന രണ്ട് പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | പ്രോജക്ട് | വയോജനങ്ങൾക്ക് യോഗ പരിശീലനം |
| | പ്രോജക്ട് നം | 167/18 |
| | അടങ്കൽ | 100,000 (വിസന ഫണ്ട്-ജനറൽ-പൊതുവിഭാഗം) |
| | ചെലവ് | 96,000 |
| | ബിൽ നം &തീയതി | 54/ 17-2-2018 ₹ 48000<br>57 /27-2-2018 ₹48,000 |

വയോജനങ്ങൾക്ക് യോഗ പരിശീലന പദ്ധതിയിൽ പരിശീലനം നൽകുന്നതിന് ₹ 96,000 ഉം സ്റ്റേഷനറിയ്ക്കായി ₹ 4,000 ഉൾപ്പെടെ ₹ 1,00,000 യാണ് അടങ്കൽ വച്ചത് 80 വയോജനങ്ങൾക്ക് 8 ബാച്ചായി 30 ദിവസം യോഗ പരിശീലനം നൽകിയ വകയിൽ 4 പരിശീലകർക്ക് പ്രതിദിനം @ ₹400 ആകെ 96,000 നൽകിയിട്ടുണ്ട്-

| | | |
|---|---|---|
| 2 | പ്രോജക്ട് | സ്ത്രീകൾക്കുള്ള യോഗ പരിശീലനം |
| | പ്രോജക്ട് നം | 169/18 |
| | അടങ്കൽ(ഫണ്ട്) | 1,50,000(വികസന ഫണ്ട് -പൊതുവിഭാഗം-സാധാരണ വിഹിതം ) |

| | |
|---|---|
| ചെലവ് | 1,44,000 |
| ബിൽ നം &തീയതി | 58/ 27-2-2018 ₹ 48000<br>55 /14-2-2018 ₹48,000<br>64/ 23-3-2018 ₹48,000 |

സ്ത്രീകൾക്കുള്ള യോഗ പരിശീലനം പദ്ധതിയിൽ പരിശീലനം നൽകുന്നതിന് ₹ 1,44,000 ഉം സ്റ്റേഷനറിക്കായി ₹ 6,000 ഉൾപ്പെടെ ₹ 1,50,000 യാണ് അടങ്കൽ വച്ചത്-240 വയോജനങ്ങൾക്ക്

യോഗ പരിശീലനം നൽകിയ വകയിൽ 12 ബാച്ചായി 30 ദിവസം യോഗ പരിശീലനം നൽകിയ വകയിൽ 4 പരിശീലകർക്ക് പ്രതിദിനം @ ₹ 400 ആകെ 1,44,000 നൽകിയിട്ടുണ്ട്-

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്ന -

പരിശീലകരെ തെരഞ്ഞെടുത്തതിന്റെ കൃത്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പരിശീലകർക്കായി അഭിമുഖം നടത്തുന്ന വിവരം മാധ്യമത്തിൽ നൽകിയത്, അഭിമുഖം നടത്തിയ ദിവസം, സ്ഥലം പങ്കെടുത്ത പരിശീലകരുടെ വിവരം, അവർക്ക് ലഭിച്ച മാർക്ക്, പരിശീലകരെ തെരഞ്ഞെടുത്തതായി അറിയിച്ച് കൊണ്ടുള്ള സെലക്ഷൻ നോട്ടീസ് / കത്തിടപാടുകൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഗുണഭോക്താക്കളുടെ അപേക്ഷാ ഫോറം, ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ ഹാജർ ,അവർ തന്നെ ചുരുക്കൊപ്പ് വച്ച് മസ്റ്റർ റോളിൽ രേഖപ്പെടുത്തേണ്ടതിന് പകരം പരിശീലക ഒരു നോട്ട് ബുക്കിൽ “present /absent” രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. പരിശീലനം പൂർത്തിയാക്കിവർക്ക് പരിശീലനം കൊണ്ട് ലഭിച്ച ആരോഗ്യകരമായ മാറ്റങ്ങളെ കുറിച്ചുള്ള സമഗ്ര സർവ്വേ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ലഭ്യമാക്കിയിട്ടില്ല. സ്റ്റേഷനറിക്കായി തുക അടങ്കലിൽ വച്ചെങ്കിലും പദ്ധതിയിൽ ചെലവുണ്ടായിട്ടില്ല- എന്നാൽ സ്പോൺസർ ഷിപ്പിലൂടെ ഈയിനത്തിൽ ചെലവഴിച്ച തുകയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ശ്രീമതി- ജിഷ എന്ന പരിശീലക 10-2-2018മുതൽ 10-3-2018 വരെ പരിശീലനം നടത്തിയതിന്റെ ഹാജർ പട്ടികയിൽ 30 ദിവസം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ 10-2-2018മുതൽ 10-3-2018 വരെ 29 ദിവസങ്ങളാണ് ഉള്ളത്- അധികമുള്ള 1 ദിവസത്തിലും ഗുണഭോക്താക്കൾ കൃത്യമായി വന്നതായി രേഖപ്പെടുത്തികാണുന്നു.

അപാകങ്ങൾക്ക് മറുപടി / രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.16 തീയതി 29-9-2018) പ്രോജക്റ്റിന് അംഗീകാരം ലഭിക്കുവാൻ വൈകിയതിനാൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുകയാണ് ഉണ്ടായതെന്നും, ആയത് ഗ്രാമ സഭയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും, സ്റ്റേഷനറി ചെലവുകളിൽ ഉൾപ്പെട്ട നോട്ടീസ് മുതലായ ചെലവുകൾക്ക് ആവശ്യമായ തുക സ്പോൺസർഷിപ്പ് മുഖേന ലഭിച്ചുണ്ടെന്നുമാണ് മറുപടി നൽകിയത്- എന്നാൽ ഇങ്ങനെ ലഭിച്ച തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പരിശീലനം നൽകുന്ന വിവരം പൊതുജനങ്ങളെ അറിയിച്ചതിന്റെ നോട്ടീസും, പരിശീലകരെ

തെരഞ്ഞെടുക്കുന്നതിനായി 7-12-2017 ന് ഇന്റർവ്യൂ നടത്തിയതിന്റെ കത്തും ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം ഹാജരാക്കിയെങ്കിലും, 7-12-2017 ന് നടത്തുമെന്ന് പറയുന്ന ഇന്റർവ്യൂ കത്ത് തയ്യാറാക്കിയ തീയതി 18-6-2018 നം, കത്ത് സാക്ഷ്യപ്പെടുത്തിയത് മെഡിക്കൽ ഓഫീസർ (പിണറായി) ആണ്.

അതിനാൽ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയും, രേഖകളും തൃപ്തികരമല്ലാത്തതിനാൽ 2,40,000 (₹ 96,000 + ₹ 1,44,000 ) തടസ്സപ്പെടുത്തുന്നു. പദ്ധതി പണം ചെലവഴിക്കുക എന്ന ലക്ഷ്യം മാത്രം മുൻനിർത്തി, കൃത്യമായ ആസൂത്രണമില്ലാതെ പദ്ധതി നടപ്പിലാക്കിയതിനാൽ, പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 തുക മുൻകൂർ നൽകി നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം പ്രാഥമികാരോഗ്യകേന്ദ്രം, ഹോമിയോ ആശുപത്രി, എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്ന് | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| 1 | 70/18,പെയിൻആന്റ് പാലിയേറ്റീവ് | 387225 | 126500 | 260725 |
| 2 | 71/18 പി.എച്ച്.സി മരുന്ന് വാങ്ങൽ | 200000 | 131827 | 68173 |
| 3 | 117/18 ഹോമിയോ മരുന്ന് വാങ്ങൽ | 100000 | - | 100000 |

ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 തുടർ സാക്ഷരത - രേഖകൾ ഹാജരാക്കിയില്ല- ₹29600 തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം-- 92 /17- 18. ( തുടർ സാക്ഷരത )

അടങ്കൽ - തനത് ഫണ്ട് -₹ 50000

ചെലവ്---₹ 50000
നിർവ്വഹണം – ഹെഡ്മാസ്റ്റർ

ബിൽ നം --48/ 2017-18 / 9.03.18 ₹ 29,600

ചെക്ക് നം - 9183746 , 26/3/18 - ₹ 20400

സാക്ഷരതാ മിഷൻ നടത്തിവരുന്ന 10 -ാം തരം തുല്യത കോഴ്സിലേക്ക് രജിസ്റ്റർ ചെയ്ത 16 പഠിതാക്കൾക്ക് കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ, പരീക്ഷ ഫീഎന്നിവയക്ക് വേണ്ടിയാണ് മേൽ കാണിച്ച ബിൽ തുക ചെലവഴിച്ചിട്ടുള്ളത്. 16 പഠിതാക്കളുടെ കോഴ് സ് ഫീ, രജിസ്ട്രേഷൻ ഫീ, പരീക്ഷ ഫീഎന്നീ ഇനങ്ങളിലായി 16 * 1850 = ₹ 29600 കേരള സംസ്ഥാന സാക്ഷരത ഡയറക്ടറുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത് (A/Cno.57026996123). തുടർസാക്ഷരത പദ്ധതിയിലെ 4ാംതരം, 7ാം തരം പഠിതാക്കളുടെ പഠനോപകരണങ്ങൾ വാങ്ങിച്ചതിനാണ് ₹20400 ചെലവ് കാണിച്ചത്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/3.10.18) 4ാം തരം , 7ാം തരം സാക്ഷരത പഠിതാക്കളുടെ ഹാജർ പട്ടികയും പഠനോപകരണം വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 10ാം തരം തുല്യത പഠിതാക്കളെ സംബന്ധിച്ച താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1. തുല്യത പഠിതാക്കളുടെ അപേക്ഷയുടെ പകർപ്പ് , രജിസ്റ്ററേഷൻ നടത്തിയതിന്റെ വിവരം .

2. തുടർ സാക്ഷരത കേന്ദ്രങ്ങളിൽ പഠിക്കുന്ന തുല്യത പഠിതാക്കളുടെ എണ്ണം, പരിശീലനം നൽകിയത്, പരീക്ഷ വിജയിച്ച പഠിതാക്കളുടെ വിവരം, പഠിതാക്കളുടെ ഹാജർ പട്ടിക .

മേൽ രേഖകളുടെ അഭാവത്തിൽ 29600 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 <u>വിദ്യാർത്ഥിനികൾക്ക് ആയോധന കലാ പരിശീലനം -മാനദണ്ഡം നിശ്ചയിക്കാതെ ചെലവ് ചെയ്ത 48000 രൂപ തടസ്സപ്പെടുത്തുന്നു.</u>

പ്രൊജക്റ്റ് നം-- 91/17- 18. (വിദ്യാർത്ഥിനികൾക്ക് ആയോധന കലാ പരിശീലനം )

അടങ്കൽ ---₹ 81600വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - ₹ 81600

നിർവ്വഹണം--ഹെഡ്മാസ്റ്റർ
ബിൽ നം .21 / 17-18, 22/03/18 - ₹81600

പഞ്ചായത്തിലെ 70 സ്കൂൾ വിദ്യാർത്ഥിനികൾക്ക് 24 ദിവസം (ആഴ്ചയിൽ ഒരു ദിവസം )വച്ച് ആയോധന പരിശീലനം നൽകുന്നതിന് വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതു പ്രകാരം 70 കുട്ടികൾക്ക് 24 ദിവസം പരിശീലനത്തിനായി ഒരു ദിവസം ഒരു കുട്ടിക്ക് 20രൂപ നിരക്കിൽ 33600 രൂപ ഭക്ഷണത്തിനും 2 കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകിയ 2 പരിശീലകർക്ക് 1000 രൂപ നിരക്കിൽ 24 ദവസത്തേക്ക് 48000 രൂപ വേതനവും അനുവദിച്ചിട്ടുണ്ട്. ഈസ്റ്റ് കതിരൂർ യു.പി.സ്കൂളിൽ വച്ച് 30 കുട്ടികൾക്ക് കളരി പരിശീലനവും , ചെറുവാഞ്ചേരി യു.പി സ്കൂളിൽ വച്ച് 40 കുട്ടികൾക്ക് സ്വയം രക്ഷാ പരിശീലനവും നൽകിയിരിക്കുന്നു. പദ്ധതി നിർവ്വഹമത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. സ്കൂൾ അധികൃതർ മുഖേന പരിശീലനത്തിന് തെരഞ്ഞെടുത്ത കുട്ടികളുടെ പേരു വിവരം പഞ്ചായത്തിനെ അറിയിച്ചതിന്റെ രേഖകൾ ഇല്ല.

2. കളരി , സ്വയംരക്ഷ പരിശീലനത്തിനായി പരിശീലകരെ കണ്ടെത്തുന്നതിന് പരസ്യം

നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

3. പരിശീലകർക്ക് ദിവസ വേതനം ₹ 1000 നിശ്ചയിച്ചതിന് ആധാരമായ ഉത്തരവ് ലഭ്യമാക്കിയില്ല

മേൽ അപാകങ്ങൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.32/4.10.18) ലഭിച്ച മറുപടിയിൽ അതാത് വിദ്യാലയത്തിലെ വിദ്യാർത്ഥിനികൾക്കാണ് പരിശീലനം നൽകിയതെന്നും യോഗ്യതയുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പരിശീലകരെ തെരഞ്ഞെടുത്തത് എന്നുമാണ് അറിയിച്ചിരിക്കുന്നത്.

പദ്ധതി നിർദ്ദേശങ്ങൾ നൽകുന്ന വിദ്യാഭ്യാസം കലയും സംസ്കാരവും യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽ പദ്ധതി നിർദ്ദേശിച്ചതായി കാണുന്നു. എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരം ചർച്ച ചെയ്തതായി കാണുന്നില്ല. മാനദണ്ഡം നിശ്ചയിക്കാതെ ചെലവ് ചെയ്ത 48000 രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 387370 | ക്ഷീര കർഷകർക്ക് പാലുൽപ്പാദക ബോണസ് | 387370 | ഇല്ല |
| | 150000 | പെയിൻ ആൻറ് പാലിയേറ്റീവ് | 150000 | ഇല്ല |
| | 149475 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 149475 | ഇല്ല |
| ജില്ലാ | 1,49,980 | പെയിൻ ആൻറ് പാലിയേറ്റീവ് | 1,49,980 | ഇല്ല |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| | 1,49,475 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,49,475 | ഇല്ല |

വാർഷിക ധനകാര്യ പത്രികയിൽ ജില്ലാ പഞ്ചായത്ത് വിഹിതം വരവ് 2,99,475 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ എം എസ് ഭവന നിർമ്മാണ ധനസഹായം | ജി ഒ (എം എസ് ) 207/2009 തീയതി -7-11-2009 | 66,25,000 | 19,87,500 | 6,62,500 | | 13,25,000 |
| 2 | ഇ എം എസ് ഭവന നിർമ്മാണ ധനസഹായം | ജി ഒ (എം എസ് ) 6369/ DBI/13 തീയതി -12-11-2013 | 49,20,000 | 13,10,941 | 7,78,805 | 3,23,372 | 2,08,764 |
| | | | 1,15,45,000 | 32,98,441 | 14,41,305 | 3,23,372 | 15,33,764 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു
മലബാർ ടൂറിസം ഡവലപ്മെന്റ് സൊസൈറ്റി ലിമിറ്റഡ് കണ്ണൂർ – 20000
(ഷെയർ സർട്ടിഫിക്കറ്റ് നം. 4444/15.5.15)

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 27,532 .രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14<br>2014-15 | ഖ.3-11 | 8975 | പ്രണാം കെ ടി (അസിസ്റ്റന്റ് എഞ്ചിനിയർ) | 117040100564<br>DT 27/04/2017 |
| 2013-14<br>2014-15 | ഖ.3-12 | 1000 | പ്രണാം കെ ടി (അസിസ്റ്റന്റ് എഞ്ചിനിയർ) (കെ പ്രമോദ് കോൺട്രാക്ടർ) | 117040100565<br>DT 27/04/2017 |
| 2013-14<br>2014-15 | ഖ.3-13 | 5995 | പ്രണാം കെ ടി (അസിസ്റ്റന്റ് | 117040100566<br>DT 27/04/2017 |

| | | | | |
|---|---|---|---|---|
| | | | എഞ്ചിനിയർ) (വിവേക് എ കെ കോൺട്രാക്ടർ) | |
| 2013-14 2014-15 | ഖ.3-14 | 2000 | പ്രണാം കെ ടി (അസിസ്റ്റന്റ് എഞ്ചിനിയർ) (ശിവജി നടക്കാൽ കോൺട്രാക്ടർ) | 117040100567 DT 27/04/2017 |
| 2015-16 | ഖ.3-10 | 2015 | പ്രണാം കെ ടി (അസിസ്റ്റന്റ് എഞ്ചിനിയർ) (ഷാജി ടി കെ, കോൺട്രാക്ടർ) | 117040100485 DT 25/04/2017 |
| 2015-16 | ഖ.3-10 | 1410 | പ്രണാം കെ ടി (അസിസ്റ്റന്റ് എഞ്ചിനിയർ) (എ അജീന്ദ്രൻ കോൺട്രാക്ടർ) | 117040100486 DT 25/04/2017 |
| 2015-16 | ഖ.3-10 | 1007 | പ്രണാം കെ ടി (അസിസ്റ്റന്റ് എഞ്ചിനിയർ) (രവീന്ദ്രൻ കോൺട്രാക്ടർ) | 117040100487 DT 25/04/2017 |
| 2015-16 | ഖ.3-10 | 1310 | പ്രണാം കെ ടി (അസിസ്റ്റന്റ് എഞ്ചിനിയർ) (അരവിന്ദാക്ഷൻ, കോൺട്രാക്ടർ) | 117040100488 DT 25/04/2017 |

| | | | | |
|---|---|---|---|---|
| | | | | |
| 2013-14 | ഖ.3-1 | 273 | അനിൽ കെ , യു.ഡി ക്ലാർക്ക് | 117040106302 DT 04/01/2018 |
| 2004-05 | ഖ.3-1(2) | 624 | പ്രേമൻ (മുൻ യു.ഡി ക്ളർക്ക്) | 117040106313 DT 04/01/2018 |
| 2006-07 | ഖ.2-2(3) | 33 | മനോജ് കുമാർ എം വി | 117040106550 DT 16/01/2018 |
| 2006-07 | ഖ.2-2(5) | 1150 | സത്യൻ ഒതിയാൽ | 117040106552 DT 16/01/2018 |
| 2006-07 | ഖ.2-2(2) | 125 | ഇ പ്രകാശൻ | 117040106553 DT 16/01/2018 |
| 2006-07 | ഖ.2-2(9) | 125 | അനിൽഘോഷ് | 117040106554 DT 16/01/2018 |
| 2006-07 | ഖ.2-3(1) | 31 | ശൈലജ | 117040106555 DT 16/01/2018 |
| 2006-07 | ഖ.2-3(2) | 31 | രാഘവൻ നമ്പ്യാർ | 117040106556 DT 16/01/2018 |
| 2006-07 | ഖ.2-3(3) | 188 | വടവതി സൌമിനി | 117040106558 DT 16/01/2018 |
| 2006-07 | ഖ.3-3 | 130 | വി സാബിദ, യു.ഡി. ക്ലർക്ക് | 117040106559 DT 16/01/2018 |
| 2006-07 | ഖ.3-13 | 216 | സെക്രട്ടറി പാട്യം | 117040106560 DT 16/01/2018 |
| 2006-07 | ഖ.3-16 | 100 | വെറ്റിനറി സർജൻ, പാട്യം | 1170401106561 DT 16/01/2018 |

| | | | | |
|---|---|---|---|---|
| 2004-05 | ഖ.3-1 | 794 | ഉഷാകുമാരി (പി എച്ച് സി) | 117040106562 DT 16/01/2018 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1999-00 | 8 | 2003-04 | 3-13-17 | മറ്റു പരാമർശങ്ങൾ | ലഭ്യമല്ല |
| 2 | 2007-08 | 3-14 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം | ലഭ്യമല്ല |
| 3 | 2013-14 2014-15 | 2-1 | 2016-17 | 2.1 | വസ്തു നികുതി- അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കിയില്ല. 2013-14, 2014-15 സാമ്പത്തിക വർഷം വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാൻഡ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. | ലഭ്യമല്ല |

# 4-8 ചാർജ്ജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

എ) ചാർജ്ജ് നടപടിവഴി ഈടാക്കിയ തുക - ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്ര. നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | വകുപ്പ് | | | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2007-08 | 3-1 | ശ്രീ-എം-രവീന്ദ്രൻ | LF/ 14295 /Spl Cell/SC /ഡി3/12 തീയതി /28-5-2014 | 1 230 | - | - | - | - | - | - | തസ്വഭവ (എബി ) വകുപ്പിന്റെ 55642 / എ ബി2/14 തസ്വഭവ തീയതി 5-9-2014 പ്രകാരം സാധൂ കരണം ലഭ്യമാക്കി യതിനാൽ തടസ്സവാദം ഒഴിവാക്കി |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,71,75,742 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,82,47,033 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19,268 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,94,400 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 6,684 | ശ്രീ-ഗിരീഷ്-എ (അസിസ്റ്റന്റ് എഞ്ചിനിയർ) |
| 3-10 | | 12,584 | ശ്രീമതി-ഉഷ-എൻ (അസിസ്റ്റന്റ്സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 3-1 | 82,200 | ശ്രീമതി-നിന്മരവീന്ദ്രനാഥ് (കൃഷിഓഫീസർ) |
| 3-2 | 13,600 | ശ്രീമതി-നിന്മരവീന്ദ്രനാഥ് (കൃഷിഓഫീസർ) |
| 3-13 | 81,000 | ശ്രീ- രാജൻ ടി.പി - ( ഹെഡ് മാസ്റ്റർ) |
| 3-15 | 2,40,000 | ഡോ -ഡിജോ ജോസ് -എം (മെഡിക്കൽ ഓഫീസർ-ആയുർവേദ) |
| 3-17 | 29,600 | ശ്രീ-രാജൻ ടി.പി - ( ഹെഡ് മാസ്റ്റർ) |
| 3-18 | 48,000 | ശ്രീ-രാജൻ ടി.പി - ( ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി-നിന്മരവീന്ദ്രനാഥ് (കൃഷി ഓഫീസർ) | കൃഷി ഓഫീസർ<br>പരപ്പനങ്ങാടി കൃഷി ഭവൻ | പാർവ്വതി ഹൗസ് ,<br>രാമനാട്ടുകര |
| ശ്രീമതി-ഉഷ-എൻ (അസിസ്റ്റന്റ്സെക്രട്ടറി) | അസിസ്റ്റന്റ്സെക്രട്ടറി<br>പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത് | ശാരിക ,<br>പത്തായക്കുന്ന് |
| ശ്രീ-ഗിരീഷ്-എ (അസിസ്റ്റന്റ് എഞ്ചിനിയർ) | അസിസ്റ്റന്റ് എഞ്ചിനിയർ<br>പാട്യം ഗ്രാമ പഞ്ചായത്ത് | കണ്ടൻ ചിറയ്ക്കൽ<br>ഹൗസ്,കല്ല്യാശ്ശേരി |
| ശ്രീ. രാജൻ ടി.പി<br>ഹെഡ് മാസ്റ്റർ | റിട്ടയേർഡ് | ശ്രീനിലയം,<br>പുത്തൂർ പി.ഒ<br>കണ്ണൂർ ജില്ല |
| ശ്രീ. ഡിജോ ജോസ് എം, മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം), പാട്യം ഗ്രാമ പഞ്ചായത്ത് | മേക്കുട്ടുകുളം ഹൗസ്, സെന്റ് ജോസഫ് സ്ട്രീറ്റ്, കുരിയച്ചിറ, തൃശ്ശൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ എഫ് കെ.എൻ.ആർ<br>/സി8-8 / 2018, 12-03-2018 | 1 | |
| 2006-07 | എൽ എഫ് കെ.എൻ.ആർ<br>/സി8-8 / 2018, 12-03-2018 | 1 | |
| 2007-08 | എൽ എഫ് കെ.എൻ.ആർ<br>/സി8-8 / 2018, 12-03-2018 | 6 | |
| 2008-09 | എൽ എഫ് കെ.എൻ.ആർ<br>/സി8-8 / 2018, 12-03-2018 | 11 | |
| 2009-10 | എൽ എഫ് കെ.എൻ.ആർ<br>/സി8-8 / 2018, 12-03-2018 | 7 | |
| 2010-11&<br>2011-12 | എൽ എഫ് കെ.എൻ.ആർ<br>/സി8-8 / 2018, 12-03-2018 | 11 | |
| 2012-13 | എൽ എഫ് കെ.എൻ.ആർ<br>/സി8-8 / 2018, 12-03-2018 | 13 | |
| 2013-14,2014-15 | എൽ എഫ് കെ.എൻ.ആർ<br>/സി8-8 / 2018, 12-03-2018 | 5 | |
| 2015-16 | കെ എസ് എ കെ.എൻ.ആർ<br>/സി8-2224 / 16, 7-1-2017 | 14 | |
| 2016-17 | കെ എസ് എ കെ.എൻ.ആർ<br>/സി8-1309 / 17തീയതി 25-8-2017 | 16 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ/കെ.എൻ.ആർ/സി.8/1822/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 17-12-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന്

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ

.

## അനുബന്ധം-2-1

# Receipt And Payment Statement of Pattiam Grama Panchayat For the period from 01-April-2017 To 31-March-2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 22,785,688.00 |
| | Cash | RP-40(a) | 26,389.00 |
| | Receipts | | |
| Operating | | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 1,085,600.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 0 |
| 140000000 | Fees & User Charges | RP-4 | 715,985.00 |
| 150000000 | Sale & Hire Charges | RP-5 | 163,462.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 45,776,323.00 |
| 171000000 | Interest Earned | RP-9 | 282,157.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4,514,069.00 |
| 350000000 | Other Liabilities | RP-36 | 214,599.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 1,978.00 |
| 311000000 | Earmarked Funds | RP-29 | 10,813.00 |
| 340000000 | Deposits Received | RP-34 | 20,000.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 274,179.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4,026,657.00 |
| 460000000 | Loans, Advances and Deposits | RP-47 | 89,920.00 |
| Grand Total | | | 79,987,819.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3,026,651.00 |
| 220000000 | Administrative Expenses | RP-12 | 727,339.00 |
| 230000000 | Operations & Maintenance | RP-13 | 1,076,975.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 4,751,019.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 14,940,174.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 0 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 956,258.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 364,400.00 |
| 255000000 | Maintenance Projects | RP-20 | 8,400,506.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 34,500.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 0 |
| 280000000 | Prior Period Item | RP-26 | -21,790.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8,731.00 |
| 350000000 | Other Liabilities | RP-36 | 4,513,261.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 1,564.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -600 |
| 311000000 | Earmarked Funds | RP-29 | 12,000.00 |
| 330000000 | Secured Loans | RP-32 | 1,764,677.00 |
| 340000000 | Deposits Received | RP-34 | 32,200.00 |
| 350000000 | Other Liabilities | RP-36 | 2,114,765.00 |
| 410000000 | Fixed Assets | RP-38 | 6,230,657.00 |
| 412000000 | Capital Work In Progress | RP-40 | 9,011,623.00 |
| 460000000 | Loans, Advances and Deposits | RP-47 | 302,123.00 |
| | Closing Balance | | |
| | Bank | RP-40(b) | 21,717,744.00 |
| | Cash | RP-40(b) | 23,042.00 |
| Grand Total | | | 79,987,819.00 |

## അനുബന്ധം-2-2

# Income and Expenditure Statement of Pattiam Grama Panchayat For the period from 01-April-2017 To 31-March-2018

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 4,110,150.00 |
| 130000000 | Rental Income from Panchayat Properties | I-3 | 104,004.00 |
| 140000000 | Fees & User Charges | I-4(b) | 891,735.00 |
| 150000000 | Sale & Hire Charges | I-5(b) | 163,462.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 101,140,824.00 |
| 171000000 | Interest Earned | I-8 | 282,157.00 |
| 180000000 | Other Income | I-9 | 1,978.00 |
| A | Total-Income | | 106,694,310.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 9,078,259.00 |
| 220000000 | Administrative Expenses | I-11(b) | 727,339.00 |
| 230000000 | Operations & Maintenance | I-12(b) | 1,076,975.00 |
| 240000000 | Interest & Finance Charges | I-13 | 1,564.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 8,977,500.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 20,870,025.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 310,800.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 956,258.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 55,114,400.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 8,400,506.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 34,500.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | |
| 272000000 | Depreciation | I-17(a) | 2,290,306.00 |
| B | Total-Expenditure | | 107,838,432.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | (1,144,122.00) |
| D= 280000000 | Prior Period Item | I-18 | 180 |
| E = C-D | Gross Surplus/Deficit of Income over Expenditure after prior | | (1,144,302.00) |
| | period items | | |
| 290000000 | Transfer to Reserve Funds | | |

| | | | |
|---|---|---|---|
| | Net Balance being surplus/deficit carried over to Balance sheet | | |
| | (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF PATTIAM GRAMA PANCHAYAT As on 31-March-2018

| Code No. | | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | (1636653.51) |
| 311000000 | Earmarked Funds | B-2 | 42620 |
| 312000000 | Reserves | B-3 | 65486903 |
| | Total Reserve& Surplus | | 63892869.49 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 4697643 |
| | Total Grants,Contributions for specific purposes | | 4697643 |
| | Loans | | |
| 330000000 | Secured Loans | B-5 | 1533764 |
| | Total Loans | | 1533764 |
| | Current Liabilities and Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 776387 |
| 350000000 | Other Liabilities | B-9 | 1380163.11 |
| | Total Current Liabilities and Provisions | | 2156550.11 |
| | TOTAL LIABILITIES | | 72280826.6 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 75395866 |
| 411000000 | Accumulated Depreciation | B-11 | (26538029.00) |
| 412000000 | Capital Work In Progress | B-11(a) | 0 |
| | Total Fixed Assets | | 48857837 |
| | Investments | | |
| 420000000 | Investments | B-12 | 20000 |
| | Total Investments | | 20000 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 17236.6 |
| 440000000 | Pre-paid Expenses | B-16 | 1533764 |
| 450000000 | Cash and Bank balance | B-17 | 21740786 |
| 460000000 | Loans, Advances and Deposits | B-18 | 111203 |
| | Total Current Assets,Loans and Advances | | 23402989.6 |
| | TOTAL ASSETS | | 72280826.6 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.